# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# ആര്യാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 8 - 723/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 05/09/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആര്യാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 8 - 723/2024 തീയ്യതി: 05/09/2024

## ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലിജിലാൽ ബി. | ഡെപ്യൂട്ടി ഡയറക്ടർ | 17-07-2024 | 25-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-07-2024 | 25-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സുരേഷ് എസ്. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജോസഫ് ജോർജ്ജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ കെ.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സിജിജോൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. ബിജുമോൻ.ജി | പ്രസിഡന്റ് | 01-04-2023 | 17-01-2024 |
| അഡ്വ.ഷീന സനൽകുമാർ | പ്രസിഡന്റ് | 18-01-2024 | 04-02-2024 |
| ശ്രീ.സന്തോഷ്ലാൽ എസ്. | പ്രസിഡന്റ് | 05-02-2024 | 31-03-2024 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 01-04-2023 | 07-09-2023 |
| ശ്രീമതി.സീമ പി.ഐ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-09-2023 | 06-11-2023 |
| ശ്രീമതി.ബീന.എസ് | സെക്രട്ടറി | 07-11-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനില എം.എ | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സോന സോണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.ഫ്രെഷി തോമസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2023 | 31-03-2024 |
| ഡോ.ഷൈമ.എം | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 01-04-2023 | 31-08-2023 |
| ഡോ.ശ്രീകുമാർ | മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം | 31-08-2023 | 31-03-2024 |
| ശ്രീമതി.ലിജി.റ്റി.എൻ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 06-07-2023 |
| ശ്രീമതി. പ്രിയമ്മ ഫിലിപ്പ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-07-2023 | 31-03-2024 |
| ശ്രീമതി.ഏലിയാമ്മ കുര്യൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |
| ശ്രീമതി.സൂര്യ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 18-12-2023 |
| ശ്രീമതി. ആഷമോൾ | ഫിഷറീസ് ഇൻസ്പെക്ടർ | 18-12-2023 | 31-03-2024 |
| ശ്രീമതി. രചന ആർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ..മഹീധരൻ എം.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 05-08-2023 |
| വേക്കന്റ് | അസിസ്റ്റന്റ് സെക്രട്ടറി | 06-08-2023 | 24-08-2023 |
| ശ്രീമതി.സീമ പി.ഐ. | അസിസ്റ്റന്റ് സെക്രട്ടറി | 25-08-2023 | 31-03-2024 |
| ശ്രീമതി സൗമ്യ എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 08-08-2023 |
| വേക്കന്റ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 09-08-2023 | 14-12-2023 |
| ശ്രീമതി രാജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-12-2023 | 31-03-2024 |
| ശ്രീ.സനൽകുമാർ | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| | ഓഫീസർ ചെമ്പന്തറ സർക്കിൾ | | |
| ശ്രീ.ദിനൽരാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,ഐക്യഭാരതം സർക്കിൾ | 01-04-2023 | 08-05-2023 |
| ശ്രീമതി. മേരി ഫെർണാണ്ടസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,ഐക്യഭാരതം സർക്കിൾ | 08-05-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | ഗ്രാമപഞ്ചായത്തിന്റെ വികസനഗ്രാന്റ് കണക്കുകൾ കൃത്യമല്ല | 1-1-1 |
| 3 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക കൃത്യമല്ല. | 1-1-2 |
| 4 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | മുൻകുറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദവിവരം ലഭ്യമല്ല | 1-1-7 |
| 9 | തിരികെ നൽകാനുള്ള ഡെപ്പോസിറ്റുകളുടെ വിവരം ആധികാരികമല്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച് | 1-10 |
| 19 | ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 1-11 |
| 20 | തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല | 1-12 |
| 21 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-13 |
| 22 | FACTEOS ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല | 1-14 |
| 23 | റോഡ് കട്ടിംഗ് ചാർജ്ജ് - ഈടാക്കിയതിൽ കുറവ് | 1-15 |
| 24 | മരണം രജിസ്റ്റർ ചെയ്തതിനുശേഷവും പെൻഷൻ നല്കി | 1-16 |
| 25 | ഉപയോഗിക്കാത്ത വാട്ടർ ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള കരാർ കാലാവധിക്കുശേഷവും മുഴവൻ ടാപ്പുകൾക്കും വെള്ളക്കരം അടവാക്കി | 1-17 |

| | | |
|---|---|---|
| 26 | 1 മുതൽ 18 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു | 1-18 |
| 27 | പ്രവൃത്തിയുടെ നിർവ്വഹണ അളവിൽ കൂടുതൽ തുക പിൻവലിക്കുകയും കാലി വീപ്പയുടെ വില ഈടാക്കാതിരിക്കുകയും വഴി അധികച്ചെലവ് | 1-19 |
| 28 | ഫൈൻ ഈടാക്കിയില്ല | 1-20 |
| 29 | വി ഇ ഓ നടപ്പാക്കിയ പ്രോജക്റ്റുകൾ | 1-21 |
| 30 | ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരണ കാലാവധി അനന്തമായി നീളുന്നു. | 1-22 |
| 31 | ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് - പ്രയോജനപ്പെടുത്തിയിട്ടില്ല | 1-23 |
| 32 | ഗ്രാമപഞ്ചായത്തിന്റെ 1.63 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-24 |
| 33 | അക്രഡിറ്റ് ഏജൻസി മുഖേനെ മരാമത്ത് പ്രവർത്തികൾ - മൂല്യനിർണ്ണയം നടത്തിയിട്ടില്ല | 1-25 |
| 34 | കുടുംബശ്രീ ഹെൽപ്പ്ഡെസ്കിന് ഉപകരണങ്ങൾ -കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-26 |
| 35 | പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗരഗാർഹികവിളക്ക് - തുക കൈമാറിയെങ്കിലും വിതരണം നടന്നിട്ടില്ല | 1-27 |
| 36 | ഓഡിറ്റ് ഇംപാക്ട് -സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ആദായനികുതി ഈടാക്കി | 1-28 |
| 37 | ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭിച്ചിട്ടില്ല | 1-29 |
| 38 | ഡെപ്പോസിറ്റുകൾ - തനത്ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല | 1-30 |
| 39 | പത്രപ്പരസ്യങ്ങൾക്ക് അധികനിരക്ക് ഈടാക്കുന്നു | 1-31 |
| 40 | അംഗീകൃതവായനശാലകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- പദ്ധതി രൂപീകരണത്തിലും, നടത്തിപ്പിലും അപാകതകൾ | 1-32 |
| 41 | അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി-വീട് മെയിന്റനൻസ് - വാല്യൂവേഷനേക്കാൾ അധികം തുക അനുവദിച്ചു | 1-33 |
| 42 | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങിയതിലും നടത്തിപ്പിലും പോരായ്മകൾ | 1-34 |
| 43 | പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-35 |
| 44 | അംഗീകൃത ഗുണഭോക്തൃലിസ്റ്റിനേക്കാൾ അധികരിച്ച് സബ്സിഡി കാലിത്തീറ്റ വിതരണം | 1-36 |
| 45 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ | 1-37 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 1 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 2-1 |
| 2 | FACTEOS ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല | 2-2 |
| 3 | റോഡ് കട്ടിംഗ് ചാർജ്ജ്-ഈടാക്കിയതിൽ കുറവ് | 2-3 |
| ഭാഗം 3 | | |
| 1 | 1 മുതൽ 18 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു | 3-1 |
| 2 | പ്രവൃത്തിയുടെ നിർവ്വഹണ അളവിൽ കൂടുതൽ തുക പിൻവലിക്കുകയും കാലി വീപ്പയുടെ വില ഈടാക്കാതിരിക്കുകയും വഴി അധികച്ചെലവ് | 3-2 |
| 3 | ഫൈൻ ഈടാക്കിയില്ല | 3-3 |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **14.06.2024 ലെ 2(1)-ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **20.06.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആര്യാട് ഗ്രാമ** പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആര്യാട് ഗ്രാമ** പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 ഗ്രാമപഞ്ചായത്തിന്റെ വികസനഗ്രാന്റ് കണക്കുകൾ കൃത്യമല്ല**

വാർഷിക കണക്കുകൾ പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്നുള്ള ആകെ ചെലവ് ₹2,09,30,562 ആണ്. എന്നാൽ യഥാർത്ഥ കണക്കിൽ ചെലവ് ₹2,07,39,778 ആണ്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ ക്യാപിറ്റൽ കോൺട്രിബ്യൂഷനായി മാറ്റിയ ₹1,90,784/-തെറ്റായി വികസനഫണ്ട് ജനറലിൽ ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണം. ഇതേ കാരണത്താൽ തന്നെ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ യഥാർത്ഥ ചെലവിലും ₹ 1,90,784/- കുറവായാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-1-2 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് തുക കൃത്യമല്ല.**

വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 Cash & Bank Balance, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ഷെഡ്യൂൾ RP 40(b) എന്നിവ പ്രകാരം ട്രഷറി ഓൺ ഫണ്ട് വി.പി.എ -1-3 എന്ന പേരിൽ ₹1510/- നീക്കിയിരുപ്പുണ്ട്. വർഷങ്ങളായി ഇതേ തുക തന്നെ രേഖപ്പെടുത്തി വരുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ടിന്റെ പാസ്സ്ബുക്കോ സ്റ്റേറ്റ്മെന്റോ ട്രഷറിയിൽ ലഭ്യമല്ല. നീക്കിയിരുപ്പ് സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാൽ അക്കൗണ്ടിലെ തുകയുടെ നിജസ്ഥിതി പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**1-1-3 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവ് കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ അതിദരിദ്രർക്ക് വീട് മെയിന്റനൻസ് (പ്രോജക്ട് നം. -171/2024) എന്ന പ്രോജക്ടിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തുകയും ഗ്രാമപഞ്ചായത്ത് നൽകിയ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ₹1,70,062 അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ചെലവ് വാർഷിക ധനകാര്യപത്രികയിലോ സുലേഖ പത്രികയിലോ ഉൾപ്പെട്ടിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ജനറൽ പർപ്പസ് ഗ്രാന്റ് വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തപ്പോൾ ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ എന്ന് സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്താത്തതിനാലാണ് ചെലവ് കണക്കിൽപെടാത്തത് എന്നാണ് വിശദീകരണം ലഭ്യമായിട്ടുള്ളത്.

**1-1-4 വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.**

വാടക രജിസ്റ്ററിലെ ആകെ വരവും വാർഷിക ധനകാര്യപത്രികയിലെ ഈയിനത്തിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വാർഷിക ധനകാര്യപത്രികയനുസരിച്ച് വാടകയിനത്തിലെ ആകെ വരവ് ₹ 76,440/- വാടക രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം ₹91,099/-യുമാണ്. ഈ വ്യത്യാസം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-1-5 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനുള്ള ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല**

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (2024 മാർച്ചിലെ ശമ്പളം, ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്, ദിവസവേതനം, ആവർത്തനചെലവുകൾ മുതലായവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ ആവശ്യമായ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

**1-1-6 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B-1 ഷെഡ്യൂൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

**1-1-7 മുൻകുറുകളിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദവിവരം ലഭ്യമല്ല**

ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവക്ക് നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടേയും മുൻകൂറുകളുടേയും ആകെ തുക 1,62,65,800/-രൂപയാണ്. എന്നാൽ ഈ വിവരങ്ങളുടെ കൃത്യതയും ആധികാരികതയും ഉറപ്പുവരുത്തുന്നതിനായി മുൻകൂർ രജിസ്റ്റർ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല. ആകെ മുൻകൂറുകളിൽ ഫെസ്റ്റിവൽ അഡ്വാൻസുമായി ബന്ധപ്പെട്ട വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-8 തിരികെ നൽകാനുള്ള ഡെപ്പോസിറ്റുകളുടെ വിവരം ആധികാരികമല്ല

ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂളിലെ വിവരങ്ങൾ പ്രകാരം പഞ്ചായത്തിൽ വിവിധ സ്ഥാപനങ്ങളും വ്യക്തികളും നൽകിയിട്ടുള്ള ഡെപ്പോസിറ്റുകളുടെ ആകെ തുക 9,04,423/-രൂപയാണ്. എന്നാൽ ഈ വിവരങ്ങളുടെ കൃത്യതയും ആധികാരികതയും പരിശോധിക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി ലഭ്യമാക്കിയിട്ടില്ല. റെന്റ് ഡെപ്പോസിറ്റ്, അദർ ഡെപ്പോസിറ്റ്, ഡെപ്പോസിറ്റ് ഫ്രം അദേഴ്സ് എന്നീ ഹെഡ്ഡുകളിൽ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമല്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത്ഫണ്ടിൽ ചേർക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് എസ്റ്റിമേറ്റ് 08.02.2024 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

| ബജറ്റ് എസ്റ്റിമേറ്റ് | | വാർഷിക ധനകാര്യപത്രിക പ്രകാരം |
|---|---|---|
| മുന്നിരുപ്പ് | ₹1,23,64,100.00 | ₹1,93,68,395.50 |
| വരവ് | ₹37,13,00,400.00 | ₹7,74,99,305.00 |
| ആകെ | ₹38,36,64,500.00 | ₹9,68,67,700.50 |
| ചെലവ് | ₹38,20,14,500.00 | ₹5,96,08,193.00 |
| നീക്കിയിരുപ്പ് | ₹16,50,000.00 | ₹3,72,59,507.00 |

ബജറ്റും യഥാർത്ഥ കണക്കുകളുമായി വലിയ അന്തരം ഉണ്ടായിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്ന സമയത്ത് മുൻവർഷത്തെ യഥാർത്ഥ വരവുചെലവുകളും കൂടി പരിശോധിക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,93,68,395.50 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹7,74,99,305.00 |
| ആകെ | : | ₹9,68,67,700.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹5,96,08,193.00 |
| നീക്കിയിരുപ്പ് | : | ₹3,72,59,507.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ്, ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | ബാങ്ക് നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് | - | ₹2,63,36,000 | ₹2,63,36,000 | ₹2,07,39,778 | - | ₹55,96,222 |

| | | | | | | |
|---|---|---|---|---|---|---|
| (ജനറൽ) | | | | | | |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹34,49,000 | ₹34,49,000 | ₹28,35,852 | - | ₹6,13,148 |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹1,06,000 | ₹1,06,000 | ₹70,600 | - | ₹35,400 |
| മെയിന്റനൻസ് ഗ്രാന്റ്-(റോഡ്) | - | ₹69,56,000 | ₹69,56,000 | ₹16,71,727 | - | ₹52,84,273 |
| മെയിന്റനൻസ് ഗ്രാന്റ്-(നോൺ-റോഡ്) | - | ₹35,55,642 | ₹35,55,642 | ₹37,36,458 | - | ₹1,80,816 |
| സി.എഫ്.സി – ബേസിക്ക് അൺടൈഡ് ഗ്രാന്റ് | ₹9,56,806 | ₹44,59,157 (Incl.₹98,157(Int)) | ₹5,41,59,963 | ₹26,47,803 | ₹27,68,160 | - |
| സി.എഫ്.സി – ടൈഡ് ഗ്രാന്റ് | ₹24,06,632 | ₹32,70,500 | ₹56,77,132 | ₹57,37,573 | ₹-60441 | - |
| നാഷണൽ ഹെൽത്ത് മിഷൻ 320100139 | | ₹71,26,917 | ₹71,26,917 | ₹71,26,917 | | - |
| ടോട്ടൽ സാനിട്ടേഷൻ സ്കീം 320100182 | | ₹3,94,780 | ₹3,94,780 | ₹3,94,780 | | - |
| ഐ.സി.ഡി.എസ്. 320100196 | ₹17,13,234 | ₹15,53,638 | ₹32,66,872 | ₹1,97,697 | ₹30,69,175 | - |
| ലിറ്ററസി സ്കീം ഗ്രാന്റ് 320100197 | ₹9879 | ₹5853 | ₹15,732 | | ₹15,732 | - |
| ശുചിത്വമിഷൻ ഗ്രാന്റ് 320100198 | ₹66,382 | ₹1,844 | ₹68,226 | ₹95 | ₹68,131 | - |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ 320100202 | ₹45,391 | ₹10,61,379 | ₹11,06,770 | ₹1,50,252 | ₹9,56,518 | - |
| ഹെൽത്ത് ഗ്രാന്റ് ബിൽഡിങ്ങ്. 320100203 | 0 | ₹56,29,036 | ₹56,29,036 | 0 | ₹56,29,036 | - |
| ഹെൽത്ത് ഗ്രാന്റ് -വെൽനെസ് സെന്റർ 320100204 | ₹9,524 | ₹4,36,502 | ₹4,46,026 | ₹16,190 | ₹4,29,836 | - |
| എം.എൽ.എ. പ്രാദേശ വികസന ഫണ്ട് (Buds Grant) 320200307 | ₹8,68,075 | ₹10,55,022 | ₹19,23,097 | ₹7,94,755 | ₹11,28,342 | - |
| Grant For Solid Waste Management) 320200304 | ₹73,290 | 0 | ₹73,290 | 0 | ₹73,290 | - |
| Grant For Other Purposes) 320200399 | ₹3,16,132 | 0 | ₹3,16,132 | 0 | ₹3,16,132 | |
| ടോട്ടൽ സാനിട്ടേഷൻ 320300103 | ₹5,89,834 | ₹17,896 | ₹6,07,730 | ₹3,60,025 | ₹2,47,705 | - |
| മറ്റ് സർക്കാർ ഏജൻസീസ് 320300199 | ₹9,92,575 | ₹1,03,47,134 | ₹1,13,39,709 | ₹36,07,134 | ₹77,32,575 | - |

കറിപ്പുകൾ: വാർഷിക കണക്കുകൾ പ്രകാരം വികസന ഫണ്ട് ജനറലിൽ നിന്നുള്ള ആകെ ചെലവ് ₹2,09,30,562 യും യഥാർത്ഥ കണക്കിൽ ചെലവ് ₹2,07,39,778 യുമാണ്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ക്യാപിറ്റൽ കോൺട്രിബ്യൂഷനായി മാറ്റിയ ₹1,90,784/- വികസനഫണ്ട് ജനറലിൽ

തെറ്റായി ഉൾപ്പെടുത്തിയതാണ് വ്യത്യാസത്തിന് കാരണം. ഇതേ കാരണത്താൽ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ യഥാർത്ഥ ചെലവിലും ₹1,90,784/- കുറവായാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സി.എഫ്.സി – ബേസിക്ക്, ടൈഡ് ഫണ്ടുകൾക്ക് ഒരേ ബാങ്ക് അക്കൗണ്ടായതിനാൽ ടൈഡ് ഫണ്ടിലെ അലോട്ട്മെന്റ് പ്രത്യേകം കണക്കാക്കാതെ പ്രോജക്ടുകൾ വഴി ചെലവുചെയ്തതിനാലാണ് ഫണ്ടിൽ നെഗറ്റീവ് ബാലൻസ് വന്നിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത്. എണ്ണം | ഭാഗികമായി നടപ്പാക്കിയത്. എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 209 | ₹16,90,28,776 | ₹5,78,23,235 | 91 | 38 | 80 | 43.44% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12936 | 1431128 | 1444064 | 1438544 | 5520 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 75998974 | 75998974 | 75998974 | 0 |
| ആകെ | 12936 | 77430102 | 78881582 | 77437518 | 5520 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ₹16,920.00 | 27 |
| കർഷകതൊഴിലാളി പെൻഷൻ | ₹51,65,000.00 | 476 |
| വിധവാ പെൻഷൻ | ₹98,02,100.00 | 989 |
| വാർദ്ധക്യകാല പെൻഷൻ | ₹2,58,58,600.00 | 2861 |
| വികലാംഗ പെൻഷൻ | ₹36,60,100.00 | 346 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹10,01,400.00 | 96 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹30,000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.7.2024 തീയതിയിൽ 3.10 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,860 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ലോഗ് ബുക്ക് ശരിയായി എഴുതി സൂക്ഷിക്കുന്നില്ല.

3.ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ തുക ക്രെഡിറ്റിൽ വന്ന തീയതി രേഖപ്പെടുത്തുന്നില്ല.

4.പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തുന്നില്ല.

5.ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല.

6.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ എല്ലാംതന്നെ അസസ് ചെയ്യപ്പെടാതെ നിൽക്കുന്നു.

7.മുൻകൂർ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

8.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

9.റോഡ് കട്ടിംഗ് ചാർജ്ജ് കണക്കാക്കുന്നതിന് റെസ്റ്റോറേഷൻ വീതി ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

10.ഗ്രാമപഞ്ചായത്തിന്റെ 1.63 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

**1-10 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച്**

1. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന റിസോർട്ടുകളുടെ വെബ്സൈറ്റ് പ്രകാരം പലതിലും സ്വിമ്മിംഗ് പൂളുകൾ, ആയുർവേദ സ്പാ എന്നിവയുണ്ടെങ്കിലും ആയവ വസ്തുനികുതി നിർണ്ണയിക്കുന്നതിനായി പരിഗണിച്ചിട്ടില്ലാത്തതായി കാണുന്നു.

1. Pozhiyoram
2. John’s Resorts
3. Udaya Back Waters
4. Kayaloram

ഗ്രാമപഞ്ചായത്തിലുള്ള എല്ലാ റിസോർട്ടുകളുടെയും വിശദാംശങ്ങൾ നിശ്ചിത പ്രോഫോർമയിൽ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/22.7.24) മറുപടി ലഭ്യമാക്കിയില്ല.

2. ഗ്രാമപഞ്ചായത്തിൽ നിരവധി റിസോർട്ട്സ്/ഹോം സ്റ്റേകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ജോൺസ് റിസോർട്ട്സ്, ആലപ്പുഴ ബാക്ക് വാട്ടർ റിസോർട്ട്സ്, ആർ. ആർ. ഹോളിഡേ ഹോംസ് എന്നിവയുടെ നിർമ്മിതികൾ മാത്രമാണ് റിസോർട്ടുകളുടെ ഗണത്തിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

3. താഴെപ്പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് കാണുന്നു.

| കെട്ടിട നം. | ഉടമ | തരം | വിസ്തീർണ്ണം | നിർണ്ണയിച്ച നിരക്ക് | നിർണ്ണയിക്കേണ്ടത് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 13/281B | വി.എ.ബിജുമോൻ, വള്ളികാട്ട് വീട്ടിൽ, സൗത്ത് ആര്യാട് | വാണിജ്യം | 130.85 | 60 | 80 | 20x130.85 =2617 | $100m^2$ നു ബാധകമായ നികുതിയാണ് ചുമത്തിയിട്ടുള്ളത്. ഇതോടൊപ്പമുള്ള 13/281A എന്ന കെട്ടിടത്തിന് 80 രൂപ നിരക്കിൽ നികുതി ചുമത്തിയിട്ടുണ്ട്. |

4. 18/436B എന്നത് സ്വിമ്മിംഗ് പൂളായി നമ്പർ നല്കിയിട്ടുള്ള നിർമ്മിതി ഏത് വിഭാഗത്തിൽ (റിസോർട്ട്/പാർപ്പിടം) ഉൾപ്പെടുന്നതാണെന്നും റിസോർട്ടിലേതാണെങ്കിൽ ലൈസൻസ്

എടുത്തിട്ടുള്ളതിന്റെ വിവരം ലഭ്യമാക്കുവാനും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ സ്വിമ്മിംഗ് പൂളുകൾ, ആയുർവേദ സ്പാ എന്നിവയുടേതുൾപ്പെടെ ഗ്രാമപഞ്ചായത്തിലെ എല്ലാ റിസോർട്ടുകളിലെയും ഹോംസ്റ്റേകളിലേയും എല്ലാ നിർമ്മിതികളുടെയും വിസ്തൃതിയും മറ്റു വിശദാംശങ്ങളും ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർവഴി തിട്ടപ്പെടുത്തി അടിയന്തിരമായി ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/22.7.24) മറുപടി ലഭ്യമാക്കിയില്ല.
എല്ലാ റിസോർട്ടുകളുടെയും വസ്തുനികുതി നിർണ്ണയിച്ചും മേൽ പട്ടികയിലെ വസ്തുനികുതി പുനർനിർണ്ണയിച്ചും ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതണ്.

**1-11 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ നിരവധി ടെലികമ്മ്യൂണിക്കേഷൻ ടവറുകളുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ തൊട്ടുപിന്നിലുള്ളത് ഉൾപ്പെടെയുള്ള ടവറുകളുടെ ഒന്നിന്റെപോലും വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് തലത്തിലുള്ള ഉദ്യോഗസ്ഥർ മുഖാന്തിരം പരിശോധന നടത്തി അനധികൃത മൊബൈൽ ടവറുകളുടെ വിവരങ്ങൾ നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/22.7.24) മറുപടി ലഭ്യമാക്കിയില്ല.
എല്ലാ മൊബൈൽ ടവറുകളുടെയും അനുബന്ധ നിർമ്മിതികളുടെയും വസ്തു നികുതി, ആർ.ഡി.3/94/ 2020/ത.സ്വ.ഭ.വ./തീയതി 26.02.2022 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം നിർണ്ണയിച്ച് കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-12 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്ന കോൺട്രാക്ടർമാർ, ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ സേവനം ചെയ്യുന്ന പ്രൊഫഷണലുകൾ തുടങ്ങിയവർ തൊഴിൽ നികുതി അവാക്കിയതായി കാണുന്നില്ല. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിന്നും വേതനം നല്കിവരുന്ന പാലിയേറ്റീവ് നഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തെത്തുടർന്ന് (നം.19/24.7.24) പാലിയേറ്റീവ് നഴ്സ് 120101214/25.7.24 പ്രകാരം 2320/- രൂപ തൊഴിൽനികുതി അടവാക്കി.
തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-13 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല**

1) താഴെപ്പറയുന്ന FACTEOS ലൈസൻസ് അപേക്ഷകനിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| അപേക്ഷാ നം. | അപേക്ഷകൻ | മൂലധന നിക്ഷേപം | ഈടാക്കേണ്ട ഫീ | ഈടാക്കിയത് (രസീത് നം.) | കുറവ് |
|---|---|---|---|---|---|
| 2747 | ഉദയ് ബാക്ക് വാട്ടർ റിസോർട്ട്സ് | 1110 ലക്ഷം (11.1 കോടി) (PCB/ALP/ICO-683/2020) | 15000 | 1000/- (7220104281/20.2.23) | 14000 |

മറ്റ് അപാകതകൾ
1) ലൈസൻസ് അപേക്ഷകളിൽ മിക്ക സ്ഥാപനങ്ങളും മൂലധനനിക്ഷേപം കാണിക്കുന്നില്ല.
2) അക്ഷയ കേന്ദ്രങ്ങൾ, ടർഫുകൾ, റേഷൻകടകൾ എന്നിവ ലൈസൻസ് നേടിയിട്ടില്ല.
3) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് നേടിയതായി കാണുന്നില്ല.

എ) കേണൽസ് ബീച്ച് വില്ല

ബി) പൊഴിയോരം

സി) ലേക് കനോപ്പി

ഡി) പുന്നമട റിസോർട്ട്സ്

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/20.7.24) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിൽ നിന്നും കുറവ് തുക ഈടാക്കി അറിയിക്കേണ്ടതും മറ്റു സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

**1-14 FACTEOS ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല**

1) ആര്യാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന FACTEOS ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല.

| അപേക്ഷാ നം. | അപേക്ഷകൻ | FACTEOS ലൈസൻസ് അപേക്ഷ പ്രകാരം ഉപയോഗിക്കുന്ന HP | ഈടാക്കേണ്ട തുക |
|---|---|---|---|
| 2347 | പാർവ്വതി വുഡ് ഇൻഡസ്ട്രീസ് | 35 HP (PCB.3522/21/30.6.23) | 400 |
| 3301 | ബീന ഫ്ലവർ മിൽ | കാണിച്ചിട്ടില്ല | -- |
| 2942 | ഭാമ ഫ്ലവർ മിൽ | 10 HP | 100 |
| 3602 | പൊന്നൂസ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് | 10 HP | 100 |
| 3708 | തീർത്ഥാസ് ഫ്ലവർ മിൽ | 10 HP | 100 |
| 4810 | റിന്ദ പ്ലാസ്റ്റിക്സ് | 23HP | 300 |
| 4811 | റിന്ദ പ്ലാസ്റ്റിക്സ് | 16 HP | 200 |
| 5372 | താജ് ക്വയർ മിൽസ് | 129.64HP(96.8425KW) ഈടാക്കിയത് – 1000 ഈടാക്കേണ്ടത് – 2000 കുറവ് – 1000/- | 1000 |
| | ആകെ | | 2200 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/20.7.24) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. 3301 നമ്പർ അപേക്ഷയിൽ യന്ത്രശക്തി രേഖപ്പെടുത്താത്തതും ഫീസ് ഈടാക്കാത്തതും പോലെയുള്ള വീഴ്ചകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

**1-15 റോഡ് കട്ടിംഗ് ചാർജ്ജ് - ഈടാക്കിയതിൽ കുറവ്**

എ) ഗ്രാമപഞ്ചായത്തിൽ ഒപ്റ്റിക്കൽ ഫൈബർ കണക്ഷനുള്ള പോളുകൾ സ്ഥാപിക്കുന്നതിന് Jio Digital Fiber Pvt Ltd നൽകിയ അപേക്ഷയിൽ എടുക്കുന്ന ട്രഞ്ചിന്റെ സൈസ് 0.60x0.60 മീറ്റർ എന്ന് കാണിച്ചിട്ടുണ്ട്. CEPWD/2675/2023- C4(W)തീയതി 10-02-23 നമ്പർ സർക്കുലർ പ്രകാരം

റെസ്റ്റോറേഷൻ വീതി ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങായിരിക്കുമെന്നാണ്. ടാർ റോഡാണെങ്കിൽ മിനിമം റെസ്റ്റോറേഷൻ വീതി ഒരു മീറ്ററുമാണ്. (സർക്കുലർ നം. CE/R&B/GL-RC/3/2018 തീയതി 24-09-20) എന്നാൽ താഴെപ്പറയുന്ന അനുമതി ഉത്തരവിൽ റോഡ് കട്ടിംഗ് ചാർജ്ജ് കണക്കാക്കുന്നതിന് റെസ്റ്റോറേഷൻ വീതി, ട്രഞ്ച് വിഡ്ത്ത് (0.60 മീറ്റർ) തന്നെയാണ് എടുത്തിരിക്കുന്നത്. അതിനാൽ റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ കുറവ് സംഭവിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. അനുമതി ഉത്തരവ് നം. ROW/1082052/23

| വിവരണം | ഡിമാന്റ് ചെയ്തത് | | | | യഥാർത്ഥ ഡിമാന്റ് | | | |
|---|---|---|---|---|---|---|---|---|
| റോഡിന്റെ തരം | Tarred | Concrete | Tile | Gravel | Tarred | Concrete | Tile | Gravel |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 1 | 0.90 | 0.90 | 0.90 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.36 | 0.36 | 0.36 | 0.36 | 0.60 | 0.54 | 0.54 | 0.54 |
| പോളുകളുടെ എണ്ണം | 211 | 28 | 56 | 11 | 211 | 28 | 56 | 11 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 75.96 | 10.08 | 20.16 | 3.96 | 126.60 | 15.12 | 30.24 | 5.94 |
| റെസ്റ്റോറേഷൻനിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 5567.73 | 4499.28 | 1832.34 | 3520.71 | 5567.73 | 4499.28 | 1832.34 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 267433 | 56123 | 90705 | 7256 | 445722 | 84184 | 136058 | 10884 |
| ആകെ | 421517 | | | | 676848 | | | |
| കുറവ് | 676848 – 421517 = 255331 | | | | | | | |

2.ROW/1073866/76726

| വിവരണം | ഡിമാന്റ് ചെയ്തത് | | യഥാർത്ഥ ഡിമാന്റ് | |
|---|---|---|---|---|
| റോഡിന്റെ തരം | Tarred | BM&BC | Tarred | BM&BC |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.80 | 0.80 | 0.80 | 0.80 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 1 | 1 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.48 | 0.48 | 0.80 | 0.80 |
| പോളുകളുടെ എണ്ണം | 23 | 14 | 23 | 14 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 11.04 | 6.72 | 18.40 | 11.20 |
| റെസ്റ്റോറേഷൻനിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 4716.20 | 3520.71 | 4716.20 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 38869 | 31693 | 64781 | 52821 |
| ആകെ | 70562 | | 117602 | |

| | |
|---|---|
| കുറവ് | 117602 - 70562 = 47040 |

3.ROW/1081873/23

| വിവരണം | ഡിമാന്റ് ചെയ്തത് | | | | യഥാർത്ഥ ഡിമാന്റ് | | | |
|---|---|---|---|---|---|---|---|---|
| റോഡിന്റെ തരം | Tarred | BMBC | Concrete | Gravel | Tarred | BMBC | Concrete | Gravel |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 1 | 1 | 0.90 | 0.90 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.36 | 0.36 | 0.36 | 0.36 | 0.60 | 0.60 | 0.54 | 0.54 |
| പോളുകളുടെ എണ്ണം | 37 | 16 | 23 | 6 | 37 | 16 | 23 | 6 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 13.32 | 5.76 | 8.28 | 2.16 | 22.20 | 9.6 | 12.42 | 3 |
| റെസ്റ്റോറേഷൻ നിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 4716.22 | 5567.73 | 1832.34 | 3520.71 | 4716.22 | 5567.73 | 1832.34 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 46896 | 27165 | 46101 | 3958 | 78160 | 45276 | 69151 | 5497 |
| ആകെ | 124120 | | | | 198084 | | | |
| കുറവ് | 198084 – 124120 = 73964 | | | | | | | |

4.ROW/1068608/76726

| വിവരണം | ഡിമാന്റ് ചെയ്തത് | | | | യഥാർത്ഥ ഡിമാന്റ് | | | |
|---|---|---|---|---|---|---|---|---|
| റോഡിന്റെ തരം | Tarred | 80mm | Concrete | Gravel | Tarred | 80mm | Concrete | Gravel |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | Tile Road | | | | Tile Road | | |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 1 | 0.90 | 0.90 | 0.90 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.36 | 0.36 | 0.36 | 0.36 | 0.60 | 0.54 | 0.54 | 0.54 |
| പോളുകളുടെ എണ്ണം | 36 | 12 | 11 | 3 | 36 | 12 | 11 | 3 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 12.96 | 4.32 | 3.96 | 1.08 | 22.20 | 6.48 | 12.42 | 3 |
| റെസ്റ്റോറേഷൻനിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 4499.20 | 5567.73 | 1832.34 | 3520.71 | 4499.20 | 5567.73 | 1832.34 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 45628 | 19437 | 22048 | 1979 | 76047 | 29155 | 33072 | 2968 |
| ആകെ | 89092 | | | | 141242 | | | |
| കുറവ് | 141242- 89092 = 52150 | | | | | | | |

കുറവ് വന്ന 428485/- (255331 + 47040 +73964 + 52150 ) രൂപ മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/23-07-24) മറുപടി നൽകിയില്ല. കുറവ് വന്ന തുക ഈടാക്കി അറിയിക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

ബി)23–01-2020 തീയതിയിലെ ജി.ഒ (ആർ.ടി) 89/2020/pwd നമ്പർ ഉത്തരവ് പ്രകാരം TSP/*ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോൾ ഒന്നിന് വാർഷിക വാടക 360/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ROW/1073866/76726, ROW/1073866/76726 പ്രകാരം യഥാക്രമം 37ഉം 62 ഉം പോളുകൾ സ്ഥാപിക്കുന്നതിന് JIO Digital Fibre Private Limited അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വാടകയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അനുമതി ഉത്തരവ് നമ്പർ | പോളുകളുടെ എണ്ണം | ഈടാക്കേണ്ട വാടക |
|---|---|---|---|
| 1 | ROW/107386 /76726 | 37 | 37 @360 = 13320 |
| 2. | ROW/107386 /76726 | 62 | 62 @360 = 22320 |
| | ആകെ | | 35640 |

കുറവ് വന്ന 35640/-രൂപ മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/24-07-24) മറുപടി നൽകിയില്ല. വാടകയിനത്തിലുള്ള തുക ഈടാക്കി അറിയിക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

**1-16 മരണം രജിസ്റ്റർ ചെയ്തതിനുശേഷവും പെൻഷൻ നല്കി**

ആര്യാട് ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണ പരിശോധനയിൽ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാത്തതുമൂലം മരണപ്പെട്ടവരുടെ അക്കൗണ്ടിലേക്ക് പിന്നീടും തുക നല്കിയതായി കാണുന്നു. വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരണം | രജിസ്ട്രേഷൻ തീയതി | രജിസ്ട്രേഷൻ നം. | ഗുണഭോക്താവ് | പെൻഷൻ ഐ.ഡി. | മരണശേഷം അക്കൗണ്ടിലേക്ക് തുക നല്കിയിട്ടുള്ള കാലയളവ് | അധികം നല്കിയ പെൻഷൻ തുക |
|---|---|---|---|---|---|---|
| 11.12.22 | 22.12.22 | 1/23 | മണിയപ്പൻ, മടയാംതോട്ടങ്കൽ | -- | 1/23-6/23 | 6X600=3600/- |
| 21.1.23 | 3.4.23 | 56/23 | പാർത്ഥൻ, കോളംഭാഗത്ത് | 104440201693 | 2/23 – 6/23 | 600x3+1600x2 =5000/- (600/- രൂപയായിരുന്ന പെൻഷൻ 5/23 മുതൽ 1600/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്). |
| 19.3.23 | 28.3.23 | 63/23 | ഐഷ, പഴേരിയിൽ | ….202388 | 4/23-6/23 | 1600x3=4800/- |
| 19.3.23 | 26.4.23 | 78/23 | വിശ്വംഭരൻ.സി., നെടിയംപോള | ...201073 | 4/23-6/23 | 1600X3=4800/- |

2. മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻകാരിൽ പലരുടെയും പെൻഷൻ സസ്പെന്റ് ചെയ്യത്തതായി കാണുന്നു. 2024 ജനുവരി മാസം മരണം രജിസ്റ്റർ ചെയ്തവരിൽ വാർദ്ധക്യകാല പെൻഷൻ സസ്പെന്റ് ചെയ്യാത്തവരുടെ മാത്രം വിവരം ചുവടെ ചേർക്കുന്നു. പെൻഷൻ കുടിശ്ശികയായതുമൂലം മാത്രമാണ് ടിയാളുകൾക്ക് പിന്നീടും പെൻഷൻ നല്കാൻ ഇടവരാതിരുന്നത്.

| രജിസ്ട്രേഷൻ നമ്പർ | ഗുണഭോക്താവ് |
|---|---|
| 5/24 | സുവർണ്ണകുമാർ |
| 10/24 | ശശിധരൻ നായർ |
| 12/24 | കോശി, പാലയ്ക്കൽ |
| 14/24 | ഷണ്മുഖാനന്ദൻ |
| 16/24 | ശ്രീനിവാസൻ |

ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചിട്ടുണ്ടെങ്കിൽ തുക ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി അറിയിക്കുവാനും നാളിതുവരെ പെൻഷൻ വിതരണം നടത്താനാകാതെ ബാങ്ക് അക്കൗണ്ടിൽ നിലനിൽക്കുന്ന മുഴുവൻ തുകയും ഡി.ബി.റ്റി. സെല്ലിൽ തിരികെ അടവാക്കിയതിന്റെ വിശദവിവരവും പെൻഷൻ സസ്പെന്റ് ചെയ്യാത്തവരുടെ പെൻഷൻ സസ്പെന്റ് ചെയ്ത് വിശദാംശങ്ങളും ഓഡിറ്റിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/24.7.24) മറുപടി ലഭ്യമാക്കിയില്ല. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള 2023 മാർച്ച്, ഏപ്രിൽ മാസങ്ങൾക്കുശേഷം പിന്നീടുള്ള മാസങ്ങളിൽ മരണം രജിസ്റ്റർ ചെയ്ത പെൻഷനേഴ്സിന് മരണാനന്തരം തുക നല്കിയിട്ടുള്ളത് പരിശോധിച്ച് നല്കിയിട്ടുള്ള മുഴുവൻ തുകയും പെൻഷനേഴ്സിന്റെ അനന്തരാവകാശികളിൽ നിന്നും ഈടാക്കിയും വിതരണം ചെയ്യാതെ ബാങ്കിൽ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കിയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-17 ഉപയോഗിക്കാത്ത വാട്ടർ ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള കരാർ കാലാവധിക്കുശേഷവും മുഴുവൻ ടാപ്പുകൾക്കും വെള്ളക്കരം അടവാക്കി**

ഉപയോഗിക്കാത്ത വാട്ടർ കണക്ഷനുകൾ വിച്ഛേദിക്കുന്നതിനായി വാട്ടർ അതോറിട്ടിയിൽ വൗച്ചർ നം. ...300301/22.6.23 പ്രകാരം 514000/- രൂപ അടവാക്കിയിരുന്നു. ആയത് സംബന്ധിച്ച് വാട്ടർ

അതോറിറ്റിയുമായി വച്ചിട്ടുള്ള കരാർ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറി (നം.13/22.7.24)യെത്തുടർന്ന് കരാർ ഹാജരാക്കുകയുണ്ടായി.

ആര്യാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുള്ള കരാർ ഉടമ്പടിയിൽ സെക്രട്ടറി ഒപ്പിട്ട തീയതി 23.6.2023 ആണെങ്കിലും കരാർ നമ്പരിൽ നം.KWA/PHA/R3/8811/29.7.23 എന്നാണ് തീയതി രേഖപ്പെടുത്തിയിട്ടുള്ളത്. കരാറിലെ വ്യവസ്ഥ 5 പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട കാലയളവ് 6 മാസമാണ്. ആയതനുസരിച്ച് ഉപയോഗിക്കാത്ത വാട്ടർ ടാപ്പുകൾ വിച്ഛേദിക്കേണ്ട അവസാന തീയതി 29.01.2024 ആണ്. എന്നാൽ ആയതിനുശേഷം ഫെബ്രുവരി, മാർച്ച് മാസങ്ങളിലും മുൻമാസങ്ങളിലേതുപോലെ പ്രതിമാസം 419785/- രൂപയുടെ ബില്ലാണ് വാട്ടർ അതോറിറ്റി നല്കിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് തുക അടവാക്കിയിട്ടുള്ളതും. 2024-25 സാമ്പത്തികവർഷം മുതൽ സംയുക്തപരിശോധന നടത്തി ഉപയോഗിക്കാത്തവ വിച്ഛേദിച്ചതിനുശേഷമുള്ള 25 വാട്ടർടാപ്പുകൾക്കായി ഏകദേശം 20000/- രൂപ മാത്രമാണ് പ്രതിമാസ വാട്ടർചാർജ്ജ് അടവാക്കേണ്ടിവരുന്നുള്ളുവെന്നാണ് ഗ്രാമപഞ്ചായത്ത് നേരിൽ അറിയിച്ചത്. സമയബന്ധിതമായി മേൽ നടപടികൾ സ്വീകരിക്കാതിരുന്നതുമൂലമാണ് രണ്ടുമാസമായി 8 ലക്ഷത്തോളം രൂപ അധികമായി വാട്ടർചാർജ്ജ് അടവാക്കേണ്ടിവന്നത്. സംയുക്തപരിശോധന നടത്തി ഉപയോഗിക്കാത്ത ടാപ്പുകൾ വിച്ഛേദിച്ചതിനുശേഷമുള്ള ബിൽ തുകയുടെ അടിസ്ഥാനത്തിൽ, കരാർ കാലാവധി അവസാനിച്ച 2024 ജനുവരിക്കുശേഷം അധികമായി നല്കിയ തുക കണക്കാക്കി വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 1 മുതൽ 18 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ - ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 1 മുതൽ 9 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ |
| പ്രോജക്റ്റ് നമ്പർ | S0084/24 |
| അടങ്കൽ | 5 ലക്ഷം |
| കരാറുകാരൻ | വിജയ്.v. നായർ (7.8% കുറവ്) |
| ചെലവു വിവരം | ബിൽ നമ്പർ 210/11-12-2023<br>353527/- രൂപ |

ബി)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 1 0മുതൽ 18 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ |
| പ്രോജക്റ്റ് നമ്പർ | S0115/24 |
| അടങ്കൽ | 3.90ലക്ഷം (7.77%കുറവ്) |
| കരാറുകാരൻ | വിജയ്.v. നായർ |
| ചെലവു വിവരം | ബിൽ നമ്പർ 210/11-12-2023<br>353527/- രൂപ |

മേൽ പ്രോജക്റ്റുകളിലെ ഒന്നാം ഇനം Lifting Up The Covering Slab Of The Existing Drain, Stacking Safely And Relaying The Same After Cleaning The Drain Including 1.5m Lift Etc Complete എന്നതാണ്. ഈയിനത്തിന് അനുവദിച്ചിരിക്കുന്ന നിരക്ക് 278.64/ മീറ്ററാണ്. ഈ നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| Sor/Spec Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |

| | | | | | | |
|---|---|---|---|---|---|---|
| | Header Unit | Metre | Header Quantity | 1.000 | | |
| Header Details | | | | | | |
| Labour | | | | | | L |
| 0101 | | Bhisti | | | | |
| | | Day | 0.10000 | 617.00 | 61.70 | L1 |
| 0124 | | Mason (Brick Layer)2nd Class | | | | |
| | | Day | 0.08000 | 679.00 | 54.32 | L2 |
| Subdata | | | | | | S |
| 11.5.1A | | Cement Mortar 1:3 (1 Cement : 3 Sand) | | | | |
| | | Cum | 0.01000 | 4669.14 | 46.69 | S1 |
| **TOTAL** | | | 1.000 | Metre | 162.71 | |
| **UNIT TOTAL** | | | 1 | Metre | 162.71 | |
| Overhead@ 10.00 % | | | | 162.71 | 16.27 | |
| TOTAL | | | | | **178.98** | |
| Contractors Profit @ 10.00 % | | | | 178.98 | 17.90 | |
| TOTAL | | | | | **196.88** | |
| Cost Index@ 41.53 % | | | | 196.88 | 81.76 | |
| TOTAL | | | | | **278.64** | |

**Grand Total**

**₹278.64 Metre**

സൈറ്റ് പരിശോധിച്ചതിൽ കാനകൾ വൃത്തിയാക്കി സ്ലാബ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സ്ലാബിന്റെ വശങ്ങളിൽ സിമന്റ് ചാന്ത് ( Cement Mortar 1:3 (1 Cement : 3 Sand) ഉപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ല. അതിനാൽ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന Cement Mortar നുള്ള തുക അനുവദിക്കേണ്ടതില്ല. Cement Mortar ന് ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Cement Mortar 1:3 (1 Cement : 3 Sand) | 46.69 |
| Overhead@ 10.00 % | 4.669 |
| TOTAL | 51.359 |
| Contractors Profit @ 10.00 % | 5.136 |
| TOTAL | 56.498 |
| Cost Index@ 41.53 % | 23.464 |
| **Grand Total** | 79.962/ M |

S0084/24 പ്രകാരം 630 മീറ്ററും S0115/24 പ്രകാരം 660 മീറ്ററും കാന വൃത്തിയാക്കിയതിനാണ് തുക അനുവദിച്ചിരിക്കുന്നത്. സ്ലാബിന്റെ വശങ്ങളിൽ സിമന്റ് ചാന്ത് ഉപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ലാത്തിനാൽ അധികം നൽകാനിടയായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

(1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0084/24 |
| അധികം നൽകിയ തുക | 630 @ 79.962 = 50376 |

| | |
|---|---|
| (കുറക്കുകtender Variation 7.8%) | 3929 |
| | 46447/- |

(2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0115/24 |
| അധികം നൽകിയ തുക | 660 @ 79.962 = 52775 |
| (കുറക്കുക Tender Variation 7.77%) | 4001 |
| | 48774/- |

രണ്ട് പ്രോജക്ടുകളിലുമായി ആകെ അധികം നൽകിയ തുക - 46447 + 48774 = 95221/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അധികമായി നൽകിയ തുക കരാറുകാരനെ ക്കൊണ്ട് അടപ്പിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/24-07-24) മറുപടി നൽകിയിരിക്കുന്നത്. തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**1-19 പ്രവൃത്തിയുടെ നിർവ്വഹണ അളവിൽ കൂടുതൽ തുക പിൻവലിക്കുകയും കാലി വീപ്പയുടെ വില ഈടാക്കാതിരിക്കുകയും വഴി അധികച്ചെലവ്**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹരി പ്രിന്റേഴ്സ് തിരുവിളക്ക് റോഡ് മെയിന്റനൻസ് വാർഡ് -5 |
| പ്രോജക്ട് നമ്പർ | S0064/24 |
| അടങ്കൽ | 7 ലക്ഷം |
| കരാറുകാരൻ | അനസ് നൈന |
| ചെലവ് വിവരം | ബിൽ നമ്പർ 472/25-03-24<br>470759/- രൂപ |

എ) 144 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ നിലവിലുണ്ടായിരുന്ന ബിറ്റുമിനസ് റോഡ് സർഫസ് 0.15m ആഴത്തിൽ സ്കാരിഫൈ ചെയ്ത് അത്രയും നീളത്തിലും വീതിയിലുമാണ് വീണ്ടും ടാറിംഗ് നടത്തിയിട്ടുള്ളത്. 432 $M^2$( 144x 3) പ്രതലത്തിൽ 0.15 M കനത്തിൽ WMM ചെയ്യുമ്പോൾ വരുന്ന അളവ് 64.8$m^3$ ആണ്. എന്നാൽ LFBNo 6/24 പ്രകാരം 145 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ WMM ചെയ്ത അളവായ 65.372 $M^3$ ന് ക്വോട്ട് ചെയ്ത 3770/$m^3$ നിരക്കിൽ 246452/- രൂപഅനുവദിച്ചിരിക്കുന്നത്. 144 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ ടാറിംഗ് നടത്തിയിട്ടുള്ളപ്പോൾ 65.372$m^3$ ന് തുക അനുവദിച്ചിരിക്കുന്നത് അധികം നൽകാനിടയാക്കി.

അധികം നൽകാനിടയായ അളവും തുകയും - 65.372 – 64.80 = 0.572 $M^3$ @ 3770 = 2156/-

ബി) 432 $M^2$(144x3) പ്രതലത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ട കാലിവീപ്പയുടെ വില – 9 @281 = 2529/-

ആകെ കുറവു വന്ന തുക 2156 + 2529 = 4685/-

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/24-07-24) അധികം നൽകാനിടയായ തുക ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തുകൊള്ളാമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. മുകളിൽ പ്രതിപാദിച്ച ഇനങ്ങളിലായി അധികം നൽകിയ 4685/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

**1–20 ഫൈൻ ഈടാക്കിയില്ല**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ |
| പ്രോജക്ട് നമ്പർ | S0 169/22 |
| അടങ്കൽ | 8 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ LID & EW |
| കരാറുകാരൻ | ഷൗക്കത്തലി വി.എച്ച് |
| ചെലവു വിവരം | ബിൽ നമ്പർ 423/29-03-23 364732/-രൂപ<br>ബിൽ നമ്പർ 109/23-08-23 212224/-രൂപ |

സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽപ്പെടുത്തി ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ കൊടുക്കുന്നു.

പ്രവൃത്തിയുടെ കാലാവധി ദീർഘീകരണത്തിന് ഫൈൻ ഈടാക്കിയില്ല.

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 7 മാസമാണ്. ഇതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 31-10-22 ആണ്. പ്രവൃത്തി നടത്തേണ്ട സ്ഥലം വെള്ളക്കെട്ട് പ്രദേശമായതിനാലും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും മൂലം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ സമയം ദീർഘിപ്പിച്ചു നൽകണമെന്ന കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 14.02.23 വരെയും പിന്നീട് 30.06.23 വരെയും ദീർഘിപ്പിച്ചു നൽകിയതിന് കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 23-06-23 ലാണ് (അളവു പുസ്തകം 76/21 പേജ് 63).

ജി.ഒ (എം.എസ്)നം. 21/2024/PWD തീയതി 02-04-24 സർക്കാർ ഉത്തരവ് പ്രകാരം എഗ്രിമെന്റ് അതോറിറ്റിക്ക് പിഴയില്ലാതെ അനുവദിക്കാവുന്ന പരമാവധി സമയം ഒറിജിനൽ സമയത്തിന്റെ പകുതി മാത്രമാണ്. ഈ പ്രവൃത്തിയുടെ ഒറിജിനൽ സമയം 7 മാസമായതിനാൽ പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകാവുന്നത് 3 ½ മാസം കൂടിയാണ്. ബാക്കിയുള്ള കാലതാമസത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% നിരക്കിൽ പിഴ / ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാമെന്നും മേൽ ഉത്തരവിൽ പറയുന്നു. എന്നാൽ കരാറുകാരൻ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയിട്ടും ഫൈൻ ഈടാക്കിയില്ല. ഈടാക്കേണ്ട ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| PAC | 644060 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 31-10-23 |
| പ്രവൃത്തി പൂർത്തീകരിച്ച സമയം | 23-06-23 |
| വരുത്തിയ കാലതാമസം | 7 മാസം 23 ദിവസം |

| | |
|---|---|
| പിഴയില്ലാതെ പരാമാവധിദീർഘിപ്പിക്കാവുന്ന തീയതി | 15-02-2023 |
| പിഴ ഈടാക്കേണ്ട കാലയളവ് | 16-02-23 മുതൽ 23-06-23 വരെ |
| ഈടാക്കേണ്ടുന്ന പിഴ | 644060 X 1.8 % (18 ആഴ്ച @0.1%) = 11593/- |

മേൽപ്പറഞ്ഞവിധം കുറവു വന്ന 11593 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനെക്കൊണ്ട് തുക അടപ്പിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/24-07-24 ) മറുപടി നൽകിയിരിക്കുന്നത്. തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-21 വി ഇ ഓ നടപ്പാക്കിയ പ്രോജക്ടുകൾ

പഞ്ചായത്തിൽ ഐക്യഭാരതം, ചെമ്പന്തറ എന്നീ രണ്ട് സെക്ടറുകളിലായി രണ്ട് വി ഇ ഓ മാരാണ് ചുമതലയിൽ ഉള്ളത്. ഇവർ രണ്ട് പേർക്കും കൂടി നിർവ്വഹണം നടത്തുവാനായി 30 പ്രോജക്ടുകളാണ് 2023-24 സാമ്പത്തിക വർഷം അംഗീകരിച്ച് നൽകിയിരുന്നത്. ടി 30 പ്രോജക്ടുകളിൽ 19 എണ്ണം മാത്രമാണ് 2023-24 ൽ നടപ്പാക്കിയിട്ടുള്ളത്. 30 പ്രോജക്ടുകൾക്കായി 9,21,08,183/- രൂപ വകയിരുത്തിയിരുന്നു. ഇതിൽ 4,15,01,50രൂപ ക്യൂ ബിൽ ആയത് കാരണം 2024-25 ലാണ് ചെലവായിട്ടുള്ളത്. ബാക്കിയുള്ള 8,78,58,033/- രൂപയിൽ 2,32,59,747/- രൂപ മാത്രമാണ് 2023-24 ൽ ചെലവ് ചെയ്തിട്ടുള്ളത്. അതായത് 26.47%. അനുവദിച്ച തുകയിൽ 73.53% വും ചെലവഴിക്കാതെ പോയതായി കാണുന്നു.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 23/24-07-2024 ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ ഇത്തരത്തിൽ കുറവ് വരുന്നത് ശരിയായ രീതിയല്ല. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർക്ക് പ്രയോജനപ്പെടുമായിരുന്ന പല പദ്ധതികളും ഭാഗികമായോ മുഴുവനായോ നടപ്പാകാതെ പോയിട്ടുണ്ട്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-22 ലൈഫ് മിഷൻ ഭവന നിർമ്മാണം പൂർത്തീകരണ കാലാവധി അനന്തമായി നീളുന്നു.

വി. ഇ. ഓ. (ഐക്യഭാരതം) നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ രേഖകളും, ഫയലുകളും പരിശോധിച്ചതിൽ 2018 മുതൽ 2023 വരെ വിവിധ തീയതികളിലായി ലൈഫ് പദ്ധതിയിൽ ഭവനനിർമ്മാണത്തിനായി പണം കൈപ്പറ്റിയവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവരൊന്നും നാളിതേവരെ വീട് പണി പൂർത്തിയാക്കിയിട്ടില്ല.

**1) ശ്രീ. മാനുവൽ (വിരോണി ജോസഫ്)**

കൈപ്പറ്റിയ തുക 40,000/- രൂ.

കരാർ വച്ച തീയതി 28-06-2018

ഇന്നേ വരെ പണി പൂർത്തീകരിക്കുകയോ തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. കരാർ വെച്ച ശേഷം ആറ് മാസത്തിനകം പണി പൂർത്തിയാക്കണമെന്നിരിക്കെ ആറ് വർഷത്തിന് ശേഷവും പണി പൂർത്തിയാക്കിയതായി കാണുന്നില്ല.

**2) ശ്രീമതി. എലിസബത്ത് പീറ്റർ**

നാല് തവണകളായി 3,60,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി രേഖയില്ല. പണം

പൂർണ്ണമായും കൈപ്പറ്റിയിട്ടുമില്ല.

കരാർ വച്ച തീയതി 29-07-2018

| ഒന്നാം തവണ | രണ്ടാം തവണ | മൂന്നാംതവണ | നാലാം തവണ |
|---|---|---|---|
| 40000/- 15-10-2018 | 1,60,000/-30-03-18 | 60000/-04-07-19 | 1,00,000/-02-03-20 |

**3) ശ്രീമതി പാർവ്വതി**

നാല് തവണകളായി 3,60,000 രൂപ/- കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി രേഖയില്ല. പണം പൂർണ്ണമായും കൈപ്പറ്റിയിട്ടുമില്ല.

കരാർ വച്ച തീയതി 03-09-2018

| ഒന്നാം തവണ | രണ്ടാം തവണ | മൂന്നാംതവണ | നാലാം തവണ |
|---|---|---|---|
| 40000/- 26-11-2018 | 1,60,000/-27-02-19 | 60000/-30-03-19 | 1,00,000/-09-07-19 |

**4)ശ്രീമതി ലതാ പുരുഷോത്തമൻ**

കൈപ്പറ്റിയ തുക 40,000/- രൂപ

കരാർ വച്ച തീയതി 26-08-2020

ഇന്നേ വരെ പണി പൂർത്തീകരിക്കുകയോ തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

**5) ശ്രീമതി ലിജി. ജോർജ്ജ്**

നാല് തവണകളായി 3,40,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി രേഖയില്ല. പണം പൂർണ്ണമായും കൈപ്പറ്റിയിട്ടുമില്ല.

കരാർ വച്ച തീയതി 24-03-2021

| ഒന്നാം തവണ | രണ്ടാം തവണ | മൂന്നാംതവണ | നാലാം തവണ |
|---|---|---|---|
| 40000/- 25-03-2021 | 80,000/-26-08-21 | 60000/-26-11-21 | 1,60,000/19-2-22 |

**6) ശ്രീമതി ഗ്രേസി സോളമൻ**

നാല് തവണകളായി 3,40,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി രേഖയില്ല. പണം പൂർണ്ണമായും കൈപ്പറ്റിയിട്ടുമില്ല.

കരാർ വച്ച തീയതി 24-03-2021

| ഒന്നാം തവണ | രണ്ടാം തവണ | മൂന്നാംതവണ | നാലാം തവണ |
|---|---|---|---|
| 40000/- 26-11-2021 | 1,00,000/-27-01-22 | 100000/-15-09-22 | 1,00,000/25-1-22 |

**6) ശ്രീമതി മനോഹരി**

മൂന്ന് തവണകളായി 1,80,000/- രൂപ കൈപ്പറ്റിയിട്ടുണ്ട്. പണി പൂർത്തീകരിച്ചതായി രേഖയില്ല. പണം പൂർണ്ണമായും കൈപ്പറ്റിയിട്ടുമില്ല.

കരാർ വച്ച തീയതി 24-03-2021

| ഒന്നാം തവണ | രണ്ടാം തവണ | മൂന്നാം തവണ | നാലാം തവണ |
|---|---|---|---|
| 40000/- 26-11-2021 | 1,00,000/-27-01-22 | 40000/-02-03-22 | കൈപ്പറ്റിയിട്ടില്ല |

**7) ശ്രീമതി നിർമ്മല**

കൈപ്പറ്റിയ തുക, തീയതി 40,000/- രൂപ 31-05-2023

കരാർ വച്ച തീയതി 05/2023

ഇന്നേ വരെ പണി പൂർത്തീകരിക്കുകയോ തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല.

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/24-07-2024) ലഭ്യമാക്കിയ മറുപടിയിൽ ശ്രീ. മാനുവൽ (വിരോണി ജോസഫ്) 21-07-2018ലും ശ്രീമതി ലതാ പുരുഷോത്തമൻ 20-08-2020 ലും 40000/- രൂപ വീതം വീട്ട പണിയുന്നതിനായി

കൈപ്പറ്റിയെങ്കിലും നാളിതേവരെ പണിയൊന്നും ചെയ്തിട്ടില്ലെന്നും, 10-07-2024 ലെ 13(3) നമ്പർ കമ്മറ്റി തീരുമാന പ്രകാരം ആർ ആർ നടപടികൾ എടുക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്നും, ശ്രീമതി നിർമ്മലയ്ക്ക് ഗുരുതരമായ അസുഖങ്ങൾ ബാധിച്ചതിനാൽ വീടുപണി ആരംഭിച്ചിട്ടില്ലയെന്നും, ശ്രീമതി ഗ്രേസി സോളമനും, മനോഹരിയും, 26-11-2021 ൽ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും ഇന്നേവരെ പണി പൂർത്തിയാക്കിയിട്ടില്ല. അതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചിട്ടുണ്ട്. ശ്രീമതി എലിസബത്ത് പീറ്ററിന്റെ വീടിന് നമ്പർ ഇടുന്നതിനുള്ള നടപടികൾ ആരംഭിച്ചു, അവസാന ഗഡു ഉടൻ കൈമാറുന്നതാണെന്നും ശ്രീമതി ലിജി ജോർജ്ജ് വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്താൻ വിസമ്മതിക്കുന്നപക്ഷം അവർ കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതും, ശേഷിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം എത്രയും വേഗം പൂർത്തീകരിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1–23 ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് – പ്രയോജനപ്പെടുത്തിയിട്ടില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ലൂഥറൻ സ്കൂൾ, വി.എസ്.ഡി.എൽ പി സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് |
| പ്രോജക്ട് നമ്പർ | S0151/23 |
| അടങ്കൽ | 7.5 ലക്ഷം |
| കരാറുകാരൻ | ഷാഹുൽ ഹമീദ് കെ.എ |
| ചെലവു വിവരം | ബിൽ നമ്പർ 54/07-07-23 രൂപ419141/-<br>ബിൽ നമ്പർ 317/31-01-24 രൂപ250741/- |

ടി പദ്ധതി പ്രകാരം ആകെ 669882/- രൂപ ചെലവഴിച്ച് ലൂഥറൻ സ്കൂൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ ഓരോ ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സൈറ്റ് പരിശോധിച്ചതിൽ നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ലെന്ന് കാണുന്നു. ലൂഥറൻ സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള ഏറോബിക് കമ്പോസ്റ്റ് യൂണിറ്റിന് സമീപം പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടക്കുന്നതിനാൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം പ്രവർത്തനക്ഷമമാക്കുമെന്ന് ഹെഡ്മിസ്ട്രസ് വാക്കാൽ അറിയിക്കുകയുണ്ടായി. കമ്മ്യൂണിറ്റി ഹാളിൽ സ്ഥാപിച്ചിട്ടുള്ള ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ ഇതിനുള്ളിൽ വരെ പാഴ് ചെടികൾ വളർന്നു നിൽക്കുന്ന അവസ്ഥയിലാണ്. അതിനാൽ ഇവ രണ്ടും പ്രവർത്തനക്ഷമമാക്കുന്നിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി പ്രോജക്ടിനായി ചെലവഴിച്ച 669882/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.



കമ്മ്യൂണിറ്റി ഹാളിൽ സ്ഥാപിച്ചിട്ടുള്ള ഏറോബിക് കമ്പോസ്റ്റ് യൂണിറ്റ്

## 1-24 ഗ്രാമപഞ്ചായത്തിന്റെ 1.63 കോടി രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രിക ബി.18 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ സ്ഥാപനങ്ങളിൽ പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളിൽ **1.63** കോടിയുടെ പ്രവൃത്തികൾ ഇനിയും പണി പൂർത്തീകരിച്ച് മുൻകൂർ നൽകിയ തുക ക്രമീകരിക്കാതെ തുടരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡിന് നൽകിയ മുൻകൂർ തുകകളിൽ 92.87 ലക്ഷം രൂപയുടെയും കേരള ജല അതോറിറ്റിക്ക് നൽകിയ 31.02 ലക്ഷം രൂപയുടെയും പ്രവൃത്തികൾ ഇനിയും പൂർത്തിയാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്ററിൽ ഫെസ്റ്റിവൽ അഡ്വാൻസിന്റെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് നിക്ഷേപങ്ങൾ ഏതെല്ലാം വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് വേണ്ടിയാണ് നിക്ഷേപിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമല്ല. അഡ്വാൻസുകളുടെ വിവരം പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷം നൽകിയ, വാർഷിക ധനകാര്യപത്രിക പ്രകാരം തീർപ്പാക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള, പല അഡ്വാൻസുകളുടേയും വിനിയോഗരേഖകൾ ലഭിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവ യഥാസമയം അഡ്വാൻസ് ഹെഡ്ഡിൽ നിന്നും അസറ്റ് ഹെഡ്ഡിലേക്ക് മാറ്റാത്തതിനാൽ തീർപ്പാക്കാൻ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രികയിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ളതാണ്. ഇലക്ട്രിക് പോസ്റ്റ് മാറ്റലിനായി നൽകിയ 1,08,776 രൂപയും, ഗ്രാമലക്ഷ്മി മുദ്രാലയത്തിന് മുൻകൂർ നൽകിയ 88,153/- രൂപയും അതേ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ധനകാര്യപത്രിക തയ്യാറാക്കിയപ്പോൾ ഇവ സെറ്റിൽ ചെയ്യുന്നതിനാവശ്യമായ എൻട്രികൾ വരുത്താത്തതിനാൽ ഇവയും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി തെറ്റായി ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയിൽ 16,000/- രൂപ ലഭിക്കാനുള്ളതായി വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ആർക്ക് നൽകിയ അഡ്വാൻസാണ് തിരികെ ലഭിക്കാനുള്ളത് എന്ന വിവരം ലഭ്യമല്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള അഡ്വാൻസുകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. Advance To Implementing Officers എന്ന ശീർഷകത്തിലെ ഭൂരിഭാഗം തുകകളും 2010-11 കാലയളവിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഓഫീസ് ചെലവുകൾക്കായി നൽകിയ തുകയാണ്. ഇത്ര വർഷങ്ങൾക്ക് ശേഷവും ഇവ ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് അഡ്വാൻസുകളിലും സമാനമായ നിക്ഷേപങ്ങൾ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾക്ക് മുൻകൂർ തുക നിക്ഷേപിക്കുമ്പോൾ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതമുള്ള ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കാത്തതിനും വിവരങ്ങൾ കാലികമായി സൂക്ഷിക്കാത്തതിനും വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ– 30 തീയതി 24/07/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് അഡ്വാൻസ് നൽകിയിട്ടുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും പൂർത്തിയായിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തുകകൾ B-18 ഷെഡ്യൂളിൽ നിന്നും മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 അക്രഡിറ്റ് ഏജൻസി മുഖേനെ മരാമത്ത് പ്രവർത്തികൾ - മൂല്യനിർണ്ണയം നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം അക്രഡിറ്റ് ഏജൻസിയായ **കാഡ്കോ** മുഖേന രണ്ട് മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കാഡ്കോ നൽകിയ ക്വട്ടേഷൻ അംഗീകരിച്ച് വർക്ക് ഏൽപ്പിക്കുകയും പ്രവൃത്തി പൂർത്തീകരിച്ച് ബിൽ ഹാജരാക്കിയ മുറക്ക് തുക കൈമാറുകയുമാണ് ചെയ്തിട്ടുള്ളത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | കൈമാറിയ തുക | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പഞ്ചായത്ത് ഓഫീസ് നെയിം ബോർഡ് സ്ഥാപിക്കൽ (S0152/24) | ₹496111/-(ചെക്ക് നമ്പർ. 191837 Dtd 10/07/2023) | കാഡ്കോ |
| 2 | കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് സൗകര്യമൊരുക്കൽ(S0161/24) | ₹371611/-(ചെക്ക് നമ്പർ 6195598 Dtd 16/11/2023) | കാഡ്കോ |
| | **ആകെ** | **₹ 8,67,722/-** | |

പദ്ധതി ഫയൽ പരിശോധിച്ചതിൽ കാഡ്കോ നൽകിയ ക്വട്ടേഷനിലും ബില്ലിലും ഓരോ പ്രവൃത്തിയുടെയും ആകെ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മരാമത്ത് വിഭാഗത്തിലെ ഈ പ്രവൃത്തികൾക്കെല്ലാം സർക്കാർ അംഗീകൃത നിരക്ക് ലഭ്യമായിരിക്കെ അപ്രകാരം കൃത്യമായ സ്പെസിഫിക്കേഷനോ നിരക്കോ ബില്ലിലോ ക്വട്ടേഷനിലോ രേഖപ്പെടുത്തിയിട്ടില്ല. എ.സി.പി ഷീറ്റാണ് രണ്ട് പ്രവൃത്തികളിലും പ്രധാനമായും ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ വ്യത്യസ്തമായ കനത്തിൽ ലഭ്യമായ എ.സി.പി ഷീറ്റുകളിൽ എതാണ് പ്രവൃത്തികൾക്കായി ഉപയോഗിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തികളിലെ മറ്റിനങ്ങളിലും സമാനമായ അപാകങ്ങളുണ്ട്. ഈ രണ്ട് പ്രവർത്തികൾക്കുമായി വാങ്ങിയ വാൾ ഫാനുകൾ, എൽ.ഇ.ഡി ബൾബുകൾ എന്നിവയുടെ വാറന്റി പോലുള്ള കാര്യങ്ങളിലും വ്യക്തതയില്ല. പ്രസ്തുത പ്രവൃത്തികൾ മരാമത്ത് വിഭാഗത്തിൽ പെടുന്നതിനാൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സാങ്കേതിക പരിശോധന നടത്തി ബില്ലുപ്രകാരമുള്ള പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ ശേഷമായിരുന്നു സ്ഥാപനത്തിന് തുക അനുവദിക്കേണ്ടിയിരുന്നത്. അപ്രകാരമുള്ള ഒരു മൂല്യനിർണ്ണയം നടത്താതെ ബിൽ തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ- 4 തീയതി 20/07/2024) നൽകിയിരുന്നുവെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വിഭാഗത്തിൽപ്പെടുന്ന പ്രവൃത്തികൾ ചെയ്യുമ്പോൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതികവിഭാഗം പരിശോധന നടത്തി കൃത്യമായ മൂല്യനിർണ്ണയം നടത്തി മാത്രം തുക അനുവദിക്കുകയുമാണ് വേണ്ടത്. ഈ നടപടികൾ സ്വീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച **₹8,67,722/-** യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-26 കുടുംബശ്രീ ഹെൽപ്ഡെസ്കിന് ഉപകരണങ്ങൾ -കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | **കുടുംബശ്രീ ഹെൽപ്ഡെസ്ക്** (S0164/24) |
| അടങ്കൽ | **₹1,80,214/-** (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | **₹1,80,214/-** (വികസന ഫണ്ട് -ജനറൽ) |
| ബിൽ/ചെക്ക്നം/ തീയതി | TRN No.230601000000010045 &Dtd 02-08-2023 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഗ്രാമപഞ്ചായത്ത് അസി.സെക്രട്ടറി |

ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കാൻ കാഡ്കോ വഴി ₹3,71,611/- ചെലവഴിച്ചിരുന്നു. ഹെൽപ്പ് ഡെസ്കിലേക്കാവശ്യമായ കംപ്യൂട്ടർ, ഫോട്ടോകോപ്പിയർ, പ്രിന്റർ, സ്കാനർ, ലാപ്ടോപ്പ് എന്നിവ ഈ പ്രോജക്ട് പ്രകാരം **ജെം** വഴി വാങ്ങി നൽകിയിട്ടുണ്ട്. ഈ വാങ്ങലുമായി ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹെൽപ്പ് ഡെസ്ക് പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് ചുമതലയുള്ള ജീവനക്കാരുമായി 13.07.2023 ൽ ഏർപ്പെട്ട കരാർ പ്രകാരം ഒരു വർഷത്തേക്കാണ് ഗ്രാമപഞ്ചായത്ത് സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുന്നത്. ഒരു വർഷത്തിനുശേഷം ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ ഫോട്ടോകോപ്പിയർ, സ്കാനർ, കംപ്യൂട്ടർ എന്നിവ കരാർ കാലാവധിക്ക് ശേഷം ഗ്രാമപഞ്ചായത്തിന് തിരികെ ഏൽപ്പിക്കാനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ഉപകരണങ്ങൾ തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5 തീയതി 20.07.2024)

മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. കരാർ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-27 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗരഗാർഹികവിളക്ക് – തുക കൈമാറിയെങ്കിലും വിതരണം നടന്നിട്ടില്ല**

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | **പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗരഗാർഹിക വിളക്ക്** (S0236/24) |
| അടങ്കൽ | **₹57,735/-** (വികസന ഫണ്ട് -റ്റി.എസ്.പി) |
| ചെലവ് | ₹47,100/- (വികസന ഫണ്ട് -റ്റി.എസ്.പി) |
| ബിൽ/ചെക്ക് നം./ തീയതി | TRN No.230601000000029271 Dtd 14-02-2024 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സൗരഗാർഹിക വിളക്കുകൾ വാങ്ങി നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 2023-24 സാമ്പത്തിക വർഷം ₹47,100/- ചെലവഴിച്ചിട്ടുണ്ട്. ഒന്നിന് ₹ 3,849/- നിരക്കിൽ അനെർട്ടാണ് സൗരവിളക്കുകൾ വിതരണം ചെയ്യുന്നത്. ആകെ പദ്ധതി തുകയിൽ നിന്നും ₹47,100/- ഫെബ്രുവരി മാസം അനെർട്ടിന് കൈമാറുകയും കരാറിൽ ഏർപ്പെടുകയും ചെയ്തുവെങ്കിലും ഇതുവരെ സൗരവിളക്കുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല.മുൻകൂർ തുക കൈമാറിയിട്ടും സൗരവിളക്കുകൾ വിതരണം നടത്താത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ – 9 തിയതി 21.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻകൂർ പദ്ധതി തുക കൈമാറിയിട്ടും ഉത്പന്നം ലഭ്യമാകാത്ത സാഹചര്യത്തിൽ ഉൽപ്പന്നത്തിനായി പ്രോജക്ടിൽ ചെലവഴിച്ച ₹47,100/-തടസ്സപ്പെടുത്തുന്നു.

**1-28 ഓഡിറ്റ് ഇംപാക്ട് –സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്ന ആദായനികുതി ഈടാക്കി**

ആര്യാട് ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ മെയിന്റനൻസിനായി രണ്ട് പ്രോജക്ടുകളാണ് 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയത്. സ്പിൽ ഓവർ പ്രോജക്ടിൽ (പ്രോജക്ട് നമ്പർ) നിന്നും ₹2,09,008/- യും പുതിയ പ്രോജക്ടിൽ (പ്രോജക്ട് നമ്പർ) ₹1,07,911 യും ഉൾപ്പടെ ആകെ ₹316919/- യാണ് അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ചത്. പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ 1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന വർക്ക്സ് കോൺട്രാക്ടുകൾക്ക് വ്യക്തികളിൽ നിന്നും 1% നിരക്കിലും മറ്റുള്ളവരിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടിയിരുന്നു. എന്നാൽ തെരുവുവിളക്കുകളുടെ റിപ്പയറിനായി നടപ്പിലാക്കിയ രണ്ട് പ്രോജക്ടുകളിലും ഈ പരിധിക്ക് മുകളിൽ ചെലവ് വന്നിട്ടുണ്ടെങ്കിലും കരാർ തുകയിൽ നിന്നും സ്രോതസ്സിൽ ആദായനികുതി ഈടാക്കിയിരുന്നില്ല. കൂടാതെ 2023-24 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ് (S0196/24), കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾക്ക് A.M.C(S0002/24) എന്നീ പ്രവൃത്തികളിൽ നിന്നും സ്രോതസ്സിൽ നികുതി ഈടാക്കിയിരുന്നില്ല. ഇക്കാര്യങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ -2 തീയതി 20/07/2024 & 10 തീയതി 21/07/2024) പ്രകാരം രസീത് നം.1240101210, 1240101211 എന്നിവ പ്രകാരം 23/07/2024 ലും രസീത് നം- 1240101215, 1240101216 എന്നിവ പ്രകാരം 25/07/2024 ലുമായി ആകെ ₹6,613/- ആദായനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

**1-29 ഗ്രാമപഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭിച്ചിട്ടില്ല**

ബാലൻസ് ഷീറ്റിലെ ബി.15 ഷെഡ്യൂൾ പ്രകാരം Receivable Redemption (431500199) എന്ന ഹെഡിൽ ₹1,00,53,094.00 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനുണ്ട്. 2022-23 സാമ്പത്തിക

വർഷം റിഡംപ്ഷൻ നടത്തിയ ₹75,93,749/-യിൽ ലഭിച്ച ₹72,43,922/-തുക കഴിച്ച് മിച്ചമുള്ള തുകയും ഈ വർഷം റിഡംപ്ഷൻ നടത്തിയ തുകയും ചേർത്ത തുകയാണിത്. ഈ വർഷം സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ഫണ്ട് അക്കൗണ്ടിൽ നിന്നും റിഡംപ്ഷൻ നടത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | തുക | റിഡംപ്ഷൻ നടത്തിയ അക്കൗണ്ട് | ഉത്തരവ് നം. |
|---|---|---|---|
| 30.03.2024 | ₹9703267.00 | 799013000000515 സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ഫണ്ട് അക്കൗണ്ട് | TRY/1835/2024-F.2/30.03.2024 |
| ആകെ | **₹9703267.00** | | |

ആകെ ലഭിക്കാനുള്ള തുകയിൽ 2023-24 സാമ്പത്തിക വർഷം റിഡംപ്ഷൻ നടത്തിയ ₹9703267.00 ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ (നം. 799013000000515) 2024 ഏപ്രിൽ 4ന് തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ആകെ ലഭിക്കാനുള്ള തുകയിൽ ₹3,49,827.00 ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഈ തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ -28 തീയതി 24-07-2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ വിഷയം ധനകാര്യ സ്ഥിരംസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-30 ഡെപ്പോസിറ്റുകൾ - തനത്ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല**

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി ₹9,04,423.00 ബാദ്ധ്യത ഉള്ളതായി കാണുന്നു. ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചത് പ്രകാരം ഇതിൽ പല ഡെപ്പോസിറ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. റെന്റ് ഡെപ്പോസിറ്റ്, ഹാൾ ഡെപ്പോസിറ്റ്, മറ്റ് ഡെപ്പോസിറ്റുകൾ, മറ്റുള്ളവരിൽ നിന്നുള്ള ഡെപ്പോസിറ്റുകൾ, ലേല ഡെപ്പോസിറ്റ്, ഇലക്ഷൻ ഡെപ്പോസിറ്റ്, കരാറുകാരുടെ റിട്ടെൻഷൻ എന്നീയിനങ്ങളിലായി നിലനിൽക്കുന്ന ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള ഡെപ്പോസിറ്റുകൾ പലതും 2018-19 മുതലുള്ളവയാണ്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അതുപോലെ ഇലക്ഷൻ ഡിപ്പോസിറ്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുള്ള ₹ 23,000.00 രൂപ 2020 നവംബർ മാസത്തേതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ തിരികെ നൽകേണ്ടാത്ത ഇലക്ഷൻ നിക്ഷേപവും കാലഹരണപ്പെട്ടതുമായ ഡിപ്പോസിറ്റുകളും തനത്ഫണ്ടിൽ മുതൽക്കൂട്ടാവുന്നതുമാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29 തീയതി 24/07/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. തിരികെ നൽകേണ്ടാത്ത ഇലക്ഷൻ നിക്ഷേപവും കാലഹരണപ്പെട്ടതുമായ ഡിപ്പോസിറ്റുകളും പരിശോധിച്ച് രജിസ്റ്റർ കാലികമാക്കാനും കാലാവധി പൂർത്തിയായവ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടാനും നടപടി സ്വീകരിക്കേണ്ടതാണ്.

**1-31 പത്രപ്പരസ്യങ്ങൾക്ക് അധികനിരക്ക് ഈടാക്കുന്നു**

സർക്കാർ ഉത്തരവ് പ്രകാരം പി.&എ.ആർ.ഡി. മുഖേനയല്ലാതെ നേരിട്ട് പരസ്യം നൽകേണ്ടിവരുന്ന അത്യാവശ്യ സാഹചര്യങ്ങളിൽ സ.ഉ.(അച്ചടി) നം./5/2021/I &PRD/11.10.21 പ്രകാരം

അംഗീകരിച്ചിട്ടുള്ള മീഡിയ ലിസ്റ്റിൽ ഉൾപ്പെട്ട മാധ്യമങ്ങളിൽ മാത്രമേ പരസ്യം നല്കാവുള്ളൂവെന്നും അപ്രകാരം പരസ്യം നല്കുമ്പോൾ അംഗീകരിച്ച നിരക്കിന്റെ 50% അധിക തുക മാത്രമേ അനുവദിക്കാവൂ എന്നും നിഷ്കർച്ചിട്ടുണ്ട്. എന്നാൽ ആര്യാട് ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുള്ള താഴെപ്പറയുന്ന പരസ്യങ്ങൾക്ക് അധിക നിരക്ക് അനുവദിച്ചിട്ടുള്ളതായി കാണുന്നു.

| | വൗച്ചർ നം. | തുക/ചെക്ക് നം. | പരസ്യത്തിന്റെ അളവ് | നല്കാവുന്ന നിരക്ക് | നല്കാവുന്ന തുക | നല്കിയ നിരക്ക് | ഇൻവോയ്സ് നം. |
|---|---|---|---|---|---|---|---|
| 1 | 22300229/3.6.23; | 8711/- (6195570) | 8x4=32sqcm | 40/sqcm + 50% അധികം | 32x60=1800 | 305/sqcm. | ...15692/25.5.23 (ആലപ്പുഴ എഡിഷനിൽ മാത്രം) |
| 2 | ...759/15.11.23 | 41626/- (195065) | 22x8=176scqm | 26/sqcm + 50% അധികം | 176x39=6864 | 265/scqm | ACP/23-24/ 0948/6.9.23 (ആലപ്പുഴ എഡിഷനിൽ മാത്രം) |

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/22.7.24) ലഭ്യമാക്കിയ മറുപടിയിൽ പി.ആർ.ഡി.മുഖേന പരസ്യം നല്കുന്നത് മാസങ്ങൾ നീളുന്ന പ്രക്രിയ ആയതിനാൽ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നും പരസ്യത്തിന് പി.ആർ.ഡി.നിരക്കിൽ പെയ്മെന്റ് നല്കിയതിനെതിരെ തകഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുമെന്ന് ദേശാഭിമാനി പത്രത്തിൽ നിന്നും 29.3.2023 ൽ ലഭിച്ച കത്തിന്റെ പകർപ്പും ഹാജരാക്കുകയുണ്ടായി. ആയതിൽ പഞ്ചായത്തിൽ നിന്നും പത്രത്തിന് നല്കിയിരിക്കുന്ന റിലീസ് ഓർഡറിൽ പരസ്യത്തുക ബിൽ ലഭ്യമാകുന്ന മുറയ്ക്ക് അയച്ചുതരാമെന്ന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് പരസ്യം പ്രസിദ്ധീകരിച്ചതെന്നും ആയതിനാൽ പഞ്ചായത്ത് നേരിട്ട് നല്കിയിട്ടുള്ള പരസ്യത്തിന് നല്കിയിട്ടുള്ള ബിൽ പ്രകാരമുള്ള തുക ലഭ്യമാക്കണമെന്നും പി.ആർ.ഡി.നിരക്കിൽ ഒരു പരസ്യവും പ്രസിദ്ധീകരിക്കുന്നില്ല എന്നും ദേശാഭിമാനി അറിയിച്ചിട്ടുണ്ട്.
ഇപ്രകാരം സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി മാധ്യമങ്ങൾ പരസ്യനിരക്ക് നിശ്ചയിച്ച് ഈടാക്കുന്നതിനെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതിനായി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-32 അംഗീകൃതവായനശാലകൾക്ക് സ്പോർട്സ് കിറ്റ് വിതരണം- പദ്ധതി രൂപീകരണത്തിലും, നടത്തിപ്പിലും അപാകതകൾ

പ്രോജക്റ്റ് നം. S0167/23-24

അടങ്കൽ 75,000/-

ചെലവ് 46,210/-

ബിൽ നം. 02/23-24/30-06-2023

നിർവ്വഹണം ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്.

ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. നിർവ്വഹണം നടത്തിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റ് രൂപീകരിച്ചതും, നടപ്പാക്കിയതും. സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന കാര്യങ്ങൾക്കനുസൃതമായല്ല. അതുകൊണ്ട് തന്നെ ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റപ്പെട്ടില്ല.

1) യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി രൂപീകരിച്ച് അവരുമായി കൂടിയാലോചിച്ച് വേണം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങേണ്ടതും വിതരണം നടത്തേണ്ടതും. ഇവിടെ യുവജന ക്ലബ്ബുകളുടെ ഏകോപന സമിതി രൂപീകരിച്ചിട്ടില്ല. അവരുടെ വാങ്ങൽ ആവശ്യങ്ങൾ അറിയിച്ചിട്ടുമില്ല.

2) ആകെ 13 സ്ഥാപനങ്ങൾക്കാണ് സ്പോർട്സ് ഉപകരണങ്ങൾ വിതരണം നടത്തിയിട്ടുള്ളത്. വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 13 സ്ഥാപനങ്ങളിൽ 10 ഉം വായനശാലകളോടനുബന്ധിച്ച നടത്തുന്ന ക്ലബ്ബുകൾ

ആണ്. ഇവയൊന്നും അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾ അല്ല. തന്നെയുമല്ല സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാനാണ് പദ്ധതി. എന്നാൽ വാങ്ങിയതിൽ അധികവും ക്യാരംസ്, ചെസ്സ് തുടങ്ങിയ ഇൻ ഡോർ ഗെയിംസിനായുള്ള ഉപകരണങ്ങളാണ്.

3) പല ക്ലബ്ബുകളും ആവശ്യകത അറിയിച്ചിട്ടില്ല. മുഴുവൻ ക്ലബ്ബുകളുടേയും ആവശ്യകത അറിയാതെ എങ്ങിനെയാണ് ക്വട്ടേഷൻ ക്ഷണിച്ചതെന്നും വ്യക്തമല്ല.

4) പല ക്ലബ്ബുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല. യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതിനാൽ ഈ ക്ലബ്ബുകൾക്ക് രജിസ്ട്രേഷൻ നിലവിലുണ്ടോ എന്ന് പോലും സംശയമാണ്.

മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 21/തീയതി 24-07-2024 ന് മറുപടി ലഭ്യമാക്കിയില്ല. മേൽക്കാരണങ്ങളാൽ ചെലവ് തുക 46,210/-രൂപ തടസ്സപ്പെടുത്തുന്നു.

## 1–33 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി–വീട് മെയിന്റനൻസ് – വാല്യൂവേഷനേക്കാൾ അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം. S0171/23-24

അടങ്കൽ 8,25,000/-

ചെലവ് 4,25,000/-

നിർവ്വഹണം വി. ഇ. ഓ. (ചെമ്പന്തറ)

(ചെലവ് നടത്തിയത് ബ്ലോക്ക് വിഹിതമായ 170062/-രൂപ ഉപയോഗിച്ച്. ടി തുക ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് നൽകി. ചെലവ് പത്രികയിൽ ഇത് ലഭ്യമല്ല.)

വി.ഇ.ഓ. (ചെമ്പന്തറ) നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ എസ്റ്റിമേറ്റിന്റേയും, വാല്യൂവേഷന്റേയും അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വരെ വീട് പുനരുദ്ധരണത്തിന് നൽകുന്നതാണ് പദ്ധതി. ആകെ 12 ഗുണഭോക്താക്കളെയാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. ടി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട മൈക്കിൾ, കൈതവളപ്പ് എന്നയാൾക്ക് വീട് പുനരുദ്ധാരത്തിനായി രണ്ട് തവണകളിലായി 47,531/- രൂപ നൽകിയിട്ടുണ്ട് (22600+24931). (UTR No. RBI0192417649121) എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള റഫ് എസ്റ്റിമേറ്റിലും, വാല്യൂവേഷൻ സർട്ടിഫിക്കറ്റിലും 45,206/- രൂപ മാത്രമാണ് ഈ പ്രവൃത്തിയ്ക്കായി ചെലവായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഗ്രേഡ് 1 ഓവർസീയറുടെ വാല്യൂവേഷൻ അനുസരിച്ച് 45,206/- രൂപയ്ക്ക് മാത്രമേ ശ്രീ, മൈക്കിളിന് അർഹതയുള്ളൂ. എന്നാൽ ടിയാന് 47,531/-രൂപ അനുവദിക്കുക വഴി 2,325/- രൂപ അധികമായി ഈയിനത്തിൽ ചെലവ് ചെയ്തിട്ടുണ്ട്.

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 25/24-07-2024 ന് നൽകിയ മറുപടിയിൽ, പണം നൽകിയതിൽ പിഴവ് പറ്റിയതാണെന്നും, ആയത് തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
അധികം ചെലവായ തുക 2,325/- രൂപ നിരാകരിക്കുന്നു.

## 1–34 ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോറിക്ഷ വാങ്ങിയതിലും നടത്തിപ്പിലും പോരായ്മകൾ

പ്രോജക്റ്റ് നം. S0139/23-24

അടങ്കൽ 5,00,000/-

ചിലവ് 4,47,393/-

(3,50,000/- രൂപ ശുചിത്വ മിഷനിൽ നിന്നും നേരിട്ട് നൽകി.C022463651428/31.03.24

97,393/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതം (XVFC/2023-24/P/128 Voucher)

നിർവ്വഹണം വി. ഇ. ഓ. (ചെമ്പന്തറ)

വി.ഇ.ഓ. (ചെമ്പന്തറ) നിർവ്വഹണം നടത്തിയ ഈ പദ്ധതിയ്ക്കായി 4,47,393/- ചെലവഴിച്ചിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി Piaggio-Ape Pickup ഇലക്ട്രിക് ഓട്ടോറിക്ഷ

വാങ്ങുന്നതിനായാണ് ഈ പണം ചെലവഴിച്ചിട്ടുള്ളത്. 29-12-2023 ൽ ഡെലിവറി ചെയ്ത ഈ വാഹനം, ആലപ്പുഴ ആർ ടി ഓഫീസിൽ KL04 AU 7489 നമ്പറായി സെക്രട്ടറിയുടെ പേരിൽ 06.03.2024 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ പരിശോധനയിൽ 22.07.2024 വരെ ഈ ഓട്ടോ ആകെ ഓടിയിട്ടുള്ളത് 276 കിലോമീറ്റർ മാത്രമാണ്.

ഈ വാഹനം ഓടിക്കുന്നതിനും, മറ്റുമായി നീതു എന്ന ഹരിത സേനാംഗത്തെ ഡ്രൈവറായി നിയമിച്ചതായി ഫയലിൽ രേഖയുണ്ട്. എന്നാൽ ടിയാളുടെ ഡ്രൈവിംഗ് ലൈസൻസോ, കരാറോ ഒന്നും തന്നെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടിയാൾക്ക് വാഹനം ഇതേവരെ ഏൽപ്പിച്ച നൽകിയിട്ടുമില്ല.

അതുപോലെ, രജിസ്ട്രേഷൻ, ടാക്സ്, നമ്പർ പ്ലേറ്റ് എന്നിവയ്ക്കായി 10,855/- രൂപ വാഹനത്തിന്റെ വിലയോടൊപ്പം നൽകിയതായി രേഖയുണ്ട്. എന്നാൽ സർക്കാർ വാഹനമായതിനാൽ ടാക്സിനത്തിൽ നൽകിയ 5,000/- രൂപ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ഈ പണം തിരികെ ലഭിച്ചിട്ടില്ല. ആയതിനുള്ള നടപടികൾ ഇന്നേവരെ കൈക്കൊണ്ടിട്ടുമില്ല.

ജിഓ(പി)81972000/ഫിൻ തീയതി 13-04-2000 പ്രകാരം സർക്കാർ വാഹനങ്ങൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് മാത്രമേ ഇൻഷ്വറൻസ് എടുക്കുവാൻ പാടുള്ളൂ. എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായി ടി വാഹനത്തിനായി ഇൻഷ്വറൻസ് എടുത്തിട്ടുള്ളത് ടിവിഎസ് സുന്ദരം എന്ന സ്വകാര്യ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നാണ്. ഒരു വർഷ കാലാവധിയുള്ള ടി ഇൻഷ്വറൻസിനായി 12,408/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മുകളിൽ കാണിച്ചിട്ടുള്ള പോരായ്മകളെ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണ (നം.24/24-07-2024) ത്തിന് ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിൽ കൂടുതൽ ലോഡ് എടുക്കുന്നതിന് ഗ്രിൽ പിടിപ്പിക്കേണ്ടതുണ്ടെന്നും, അതിനുള്ള നടപടികൾ നടന്നു വരികയാണെന്നും, ആയത് വാഹനത്തിൽ ഘടിപ്പിച്ച്, വാഹനം പൂർണ്ണതോതിൽ ഉപയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടാക്സ് ഇനത്തിൽ അടവാക്കിയ 5,000/- രൂപ തിരികെ ലഭിക്കുന്നതിനുള്ള കത്തിടപാടുകൾ നടത്തുന്നതാണെന്നും, ഇപ്പോഴുള്ള സ്വകാര്യ ഇൻഷ്വറൻസ് തീരുന്ന മുറയ്ക്ക് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്ന് ഇൻഷ്വറൻസ് എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പോരായ്മകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-35 പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | കൈമാറിയ തുക | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | തെരുവുവിളക്ക് ലൈൻ നീട്ടൽ (S0009/24) | ₹1101787/-(Voucher-XVFC/2023-24/P/168 Dtd 25/03/2024)<br>₹310683/-(Voucher-XVFC/2023-24/P/16 Dtd 25/03/2024)<br>₹1,00,000/-(Voucher-XVFC/2023-24/P/33 Dtd30/03/2024)<br>₹589317/-(Voucher-XVFC/2023-24/P/168 Dtd 25/03/2024) | കെ.എസ്.ഇ.ബി, ഇലക്ട്രിക്കൽ സെക്ഷൻ, ചേർത്തല & പാതിരപ്പള്ളി |

| | | | |
|---|---|---|---|
| 2 | R.Oപ്ലാന്റ് സ്ഥാപിക്കൽ വാർഡ് -14 (S0159/24) & (S0216/24) | ₹7,58,500/-(Voucher-XVFC/2023-24/P/01 Dtd 31/10/2023)<br>₹37,900/-(UTR-RBI33123122253598 Dtd 25/11/2023) | കേരള വാട്ടർ അതോറിറ്റി P.H ഡിവിഷൻ,ആലപ്പുഴ |
| 3 | പൊതുടാപ്പ് പൂട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ (S0024/24) | ₹5,14,000/-<br>(ചെക്ക് നം- 191816 Dtd 22/06/2023) | കേരള വാട്ടർ അതോറിറ്റി P.H ഡിവിഷൻ,ആലപ്പുഴ |
| 4 | സാമൂഹ്യസുരക്ഷാ മിഷൻ വിഹിതം നൽകൽ (S0150/24) | ₹98,322/-(TRN-230601000000006641 Dtd 24/06/2023) & ₹1678/- ചെക്ക് നം- 191817 Dtd 22/06/2023 (SCB) | സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം |
| 5 | ഐ.കെ.എം - വിഹിതം നൽകൽ (S0001/24) | ₹87,125/-(TRN-230601000000006422 Dtd 24/06/2023)<br>₹28,330/-(TRN-230601000000006643 Dtd 24/06/2023) | ഐ.കെ.എം |
| 6 | ഐ.കെ.എം-മെമ്പർഷിപ്പ് ഫീസ് (S0253/24) | ₹9,00,000/-(TRN-230601000000034791 Dtd 31/03/2024) | ഐ.കെ.എം |
| | ആകെ | ₹ 45,27,642/- | |

തെരുവുവിളക്ക് ലൈൻ നീട്ടൽ, R.Oപ്ലാന്റ് സ്ഥാപിക്കൽ, പൊതുടാപ്പ് പൂട്ടുന്നതിന് വാട്ടർ അതോറിറ്റിക്ക് തുക അടവാക്കൽ എന്നീ ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങളുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. മേൽ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനും കരാറിൽ ഏർപ്പെടാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-01 തീയതി 20/07/2024) നൽകിയിരുന്നുവെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ **₹ 45,27,642/-** യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 അംഗീകൃത ഗുണഭോക്തൃലിസ്റ്റിനേക്കാൾ അധികരിച്ച് സബ്സിഡി കാലിത്തീറ്റ വിതരണം

പ്രോജക്റ്റ് നം. S0121/23-24

അടങ്കൽ 3,00,000/-

ചെലവ് 2,06,400/-

ബിൽ നം. 03/23-24/16-01-2024

04/23-24/01-02-2024

05/23-24/14-02-2024

നിർവ്വഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനേക്കാൾ 10 ൽ അധികം പേർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയതായി കാണുന്നു. പഞ്ചായത്ത് അംഗീകരിച്ച് നൽകിയ ലിസ്റ്റിൽ ആകെ 87 പേരാണ് ഉള്ളത്. എന്നാൽ കൈതത്തിൽ ആപ്ക്കോസിൽ 47 പേർക്കും, ആര്യാട് സൗത്ത് ആപ്ക്കോസിൽ 50 പേർക്കും, ആകെ 97 പേർക്ക് കാലിത്തീറ്റ സബ്സിഡി നൽകിയിട്ടുണ്ട്. ഒരാൾക്ക് 1200/- രൂപ പ്രകാരം 12,000/- രൂപ ഈയിനത്തിൽ അധികം ചെലവായിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 22/തീയതി. 24-07-2024 ന് മറുപടി ലഭ്യമാക്കിയില്ല.

കാലിത്തീറ്റ സബ്സിഡി കൈപ്പറ്റിയ 10 പേരെക്കൂടി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം വാങ്ങിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ തുക 12000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-37 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ – കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ

1) ഹരിത കർമ്മ സേനയുടെ പ്രസക്തിയും ലക്ഷ്യവും-

ശുചിത്വം, മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി പൊതുജനാരോഗ്യം സംരക്ഷിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. മണ്ണ്, ജലം, വായു എന്നിവയുടെ വൃത്തിയും ശുചിത്വവും നിലനിർത്തേണ്ടതും പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ശാസ്ത്രീയ ശുചിത്വമാലിന്യ സംസ്കരണ രീതികളും ശീലങ്ങളും പൊതുജനങ്ങളിൽ വളർത്തേണ്ടതും പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്തമാണ്. ഇതിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തൊട്ടാകെ അതിരൂക്ഷമായ രീതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണുന്നതിനാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുസൃതമായി മാലിന്യ ശേഖരണവും സംസ്കരണവും വികേന്ദ്രീകരിക്കുന്നതിലൂടെ മാലിന്യപ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരമുണ്ടാക്കുകയും, അതോടൊപ്പം അവയിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

2) ഹരിത കർമ്മ സേനയുടെ പ്രവർത്തനം

2017 ഒക്ടോബർ മാസമാണ് ആര്യാട് ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം തുടങ്ങിയത്. ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ എല്ലാ വാർഡുകളിലുമായി നിലവിൽ 34 ഹരിത കർമ്മ സേനാംഗങ്ങളെ നിയമിച്ചിട്ടുണ്ട്. ക്ലസ്റ്ററുകളായി റൊട്ടേഷൻ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കുകയും മാസാവസാനം തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്യുന്നു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും യൂസർ ഫീ ചുമത്തി വരുന്നു. കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ ഓരോ വാർഡിലേയും മാലിന്യ ശേഖരണവും യൂസർ ഫീ കളക്ഷനും പഞ്ചായത്തിൽ നിന്നും നേരിട്ട് മോണിട്ടർ ചെയ്യുവാൻ സാധിക്കുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, വി.ഇ.ഒ., കുടുംബശ്രീ ചെയർപേഴ്സൺ, മുതലായ അംഗങ്ങൾ ഉൾപ്പെട്ട സമിതി പ്രവർത്തിക്കുന്നു. ടി സമിതി ഓരോ മാസവും സേനയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

3) പരിശീലനം ലഭിച്ചതിന്റെ വിവരം

ഹരിത കർമ്മ സേനയുടെ രൂപീകരണ സമയത്ത് പ്ലാസ്റ്റിക് സമൂഹത്തിന് ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ, ഇവയുടെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ബോധവൽക്കരണ ക്യാമ്പെയിൻ, ജൈവ - അജൈവ മാലിന്യങ്ങൾ കൃത്യമായി തരം തിരിക്കുക എന്നിവയുമായി ബന്ധപ്പെട്ട് 3 ദിവസത്തെ പരിശീലനം നൽകിയിരുന്നു. പിന്നീട് നാളിതുവരെ മാലിന്യ ശേഖരണ, സംസ്കരണവുമായി ബന്ധപ്പെട്ട് പരിശീലനമൊന്നും തന്നെ ലഭിച്ചിട്ടില്ല.

4) മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി ആകെ 7855 വീടുകളും 358 വ്യാപാര സ്ഥാപനങ്ങളുമുണ്ട്. ഹരിത കർമ്മ സേനയുടെ 2023-24 വർഷത്തെ കളക്ഷൻ റിപ്പോർട്ട് പ്രകാരം മിക്ക വീടുകളും സ്ഥാപനങ്ങളും തന്നെ യൂസർ ഫീ നൽകി ഗ്രാമപഞ്ചായത്തിന്റെ മാലിന്യ ശേഖരണ യജ്ഞവുമായി സഹകരിക്കുന്നുണ്ട്. സ്ഥിരമായി സഹകരിക്കാത്ത വീടുകളോ സ്ഥാപനങ്ങളോ ഇല്ല. 2023-24 വർഷം 47,63,780/- രൂപ യൂസർ ഫീ കളക്ഷനായി ലഭിച്ചിട്ടുണ്ട്. ഓരോ മാസവും ഏകദേശം 7 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന എല്ലാ മാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ വേർതിരിക്കുന്നു. മാലിന്യസംഭരണം സംബന്ധിച്ച് ചെരുപ്പ്, ബാഗ്, തുണി ഇ-വേസ്റ്റ് എന്നിവ ശേഖരിച്ച് ക്ലീൻ കേരള കമ്പനിക്ക് നല്കിയിട്ടുണ്ട്. തെർമോകോൾ, കുപ്പി, ചില്ല് മാലിന്യങ്ങൾ, ട്യൂബ്ലൈറ്റ്, സി.എഫ്.എൽ., ബാറ്ററി, മരുന്ന് സ്ട്രിപ്പുകൾ എന്നിവ ശേഖരിക്കുന്നത് സംബന്ധിച്ച് നിർദ്ദേശമൊന്നും ലഭിക്കാത്തതിനാൽ നിലവിൽ ശേഖരിക്കുന്നില്ല എന്നുമാണ് കൺസോർഷ്യം ചുമതലയുള്ള വി.ഇ.ഒ., ഹരിതകർമ്മ സേനാംഗങ്ങൾ എന്നിവർ അറിയിച്ചത്. ശേഖരിക്കുന്ന മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നതിലൂടെ ലഭിച്ച വാർഷിക വരവ് 3,66,375/- രൂപയാണ്.

5) ലെഗസി വേസ്റ്റുകളുടെ നിർമ്മാർജ്ജനം

ഹരിത കർമ്മ സേന ശേഖരിക്കുന്ന, പുനരുപയോഗിക്കുവാൻ സാധിക്കാത്ത ലെഗസി (എം.എൽ.പി) പൊടിച്ച് റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടെങ്കിലും ആയത് എടുക്കുന്നതിന് കോൺട്രാക്ടർമാർ വരാത്ത സാഹചര്യമാണെന്നും ആയതിനാൽ നിലവിൽ ഷ്രെഡിംഗ് ജോലികൾ ചെയ്യുന്നില്ല. തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നേരിട്ട് നല്കി വരുന്നു.

6) മാലിന്യ നീക്കത്തിന് അടിസ്ഥാന സൗകര്യങ്ങൾ

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ തൊട്ടടുത്തുള്ള താല്കാലിക സംഭരണ കേന്ദ്രത്തിൽ എത്തിക്കുന്നതിന് ആവശ്യമായ രണ്ട് ഇലക്ട്രിക് ഓട്ടോ പഞ്ചായത്തിൽ ഉണ്ട്. 2023-24 വർഷം ഡ്രൈവറെ ദിവസക്കൂലിക്ക് നിയമിച്ചിരുന്നെങ്കിലും നിലവിൽ ഹരിതകർമ്മസേനാംഗം തന്നെയാണ് ആയത് ഓടിക്കുന്നത്. എല്ലാ വാർഡുകളിലും മിനി എം സി എഫ് സംവിധാനം നിലവിൽ ഉണ്ട്.

7) മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ

വിവിധ വാർഡുകളിൽ നിന്നും പ്രതിമാസം 7 ടണ്ണോളം പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. നിലവിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് 6-ാം വാർഡിൽ (പ്ലാശുകുളം) 700 സ്ക്വയർ ഫീറ്റ് ഉള്ള കെട്ടിടമാണ് സ്വന്തമായുള്ളത്. ആയതിനു സമീപം തന്നെ ഷ്രെഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു.

8) ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രവർത്തനം

പഞ്ചായത്തിലെ 34 ഹരിത കർമ്മ സേന പ്രവർത്തകരെ ഏകോപിപ്പിച്ച് ഹരിതകർമസേന കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ട്. ഹരിതസേനയുടെ ദൈനദിന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളത്. അജൈവ മാലിന്യ ശേഖരണം മുതൽ അവ തരംതിരിച്ച് വിപണനം നടത്തുന്നതുവരെയുള്ള വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഹരിത സംരംഭകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുകയുമാണ് ഹരിത കർമ്മ സേന കൺസോർഷ്യത്തിന്റെ പ്രധാന കർത്തവ്യം. കൺസോർഷ്യത്തിന്റെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയും ചാർജ് ഓഫീസർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമാണ്. കൺസോർഷ്യത്തിന്റെ കോ-ഓർഡിനേറ്ററായി ശ്രീമതി സ്മിത ജോലി ചെയ്തുവരുന്നു. ഹരിത കർമ്മ സേന അംഗങ്ങളായ ബിന്ദു പി.ജി., സലിലാദേവി എം. എന്നിവരാണ് കൺസോർഷ്യത്തിന്റെ നിലവിലെ പ്രസിഡന്റും സെക്രട്ടറിയും. ഗ്രാമപഞ്ചായത്തിലെ സേനയുടെ പ്രവർത്തനം സംബന്ധിച്ച് 2023-24 വർഷം ഏകദേശം 15 അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിനായി പ്രത്യേക ഓഫീസ് സംവിധാനം ക്രമീകരിച്ചിട്ടില്ല.

ഹരിതകർമ്മസേന ഹാജരാക്കിയ കണക്കുപ്രകാരം തൻവർഷം ആകെ 52,82,235/- രൂപ വരവും 47,52,187/- രൂപ ചെലവുമുണ്ട്. ഹരിതകർമ്മസേനയിലെ ഓരോ അംഗത്തിനും പ്രതിമാസം ശരാശരി 10,528/- രൂപ വേതനം ലഭിക്കുന്നു. ഓരോ മാസവും യൂസർ ഫീ കളക്ഷനായി ലഭിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിന്റെ കോർപ്പസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ഓണം, വിഷു അവസരങ്ങളിൽ രണ്ട് തവണയായി 5,000/- രൂപ വീതം ഹരിതകർമ്മസേനാംഗങ്ങൾക്ക് ബോണസായി നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും രണ്ടുതവണ യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്. കൺസോർഷ്യത്തിന്റെ

കേരള ബാങ്കിലെ നീക്കിയിരുപ്പ് 8,40,810/- രൂപയാണ്.

9) കൺസോർഷ്യം മുഖേനയുള്ള സംരംഭക യൂണീററുകൾ

നിലവിൽ മറ്റു സംരംഭക പ്രവർത്തനങ്ങൾ ഒന്നും തന്നെ തുടങ്ങിയിട്ടില്ല.

10) ഓഡിറ്ററിന്റെ നിഗമനം / ശുപാർശ

A) പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക. കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം ക്യാരി ബാഗ് ഉല്പാദന യൂണീറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

B) ശുചിത്വ മിഷന്റെ വാർഷിക കലണ്ടർ പ്രകാരം ഓരോ മാസവും കൃത്യമായ ഇടവേളകളിൽ എല്ലാത്തരം മാലിന്യങ്ങളും ശേഖരിക്കുക.

C) മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക.

D) പുനരുപയോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉല്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുക. ഇവയുടെ ഉപയോഗം മൂലം ഉണ്ടാകുന്ന ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക.

E) ഗ്രാമ പഞ്ചായത്തിലെ റിസോഴ്സ് റിക്കവറി ഫെസിലിറ്റി (R.R.F) കേന്ദ്രത്തിലെ ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പൊടിക്കുന്ന പ്ലാസ്റ്റിക് ഗ്രാമപഞ്ചായത്തിലെ റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നുവെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും എല്ലാ റോഡ് പ്രവർത്തനങ്ങളിലും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്.

F) ഇനോക്കുലം നിർമ്മാണം, വിതരണം, മറ്റു സംരംഭക പ്രവർത്തനങ്ങൾ എന്നിവവഴി അധികവരുമാനം നേടുന്നതിനും ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും സഹായകരമാകും.

മേൽ നടപടികളിലൂടെ ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ചിട്ടയായതും നിരന്തരവുമായ ഇടപെടൽ ആവശ്യമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന FACTEOS ലൈസൻസ് അപേക്ഷകനിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| അപേക്ഷാ നം. | അപേക്ഷകൻ | മൂലധന നിക്ഷേപം | ഈടാക്കേണ്ട ഫീ | ഈടാക്കിയത് (രസീത് നം.) | കുറവ് |
|---|---|---|---|---|---|
| 2747 | ഉദയ് ബാക്ക് വാട്ടർ റിസോർട്ട്സ് | 1110 ലക്ഷം(11.1 കോടി) (PCB/ALP /ICO-683 /2020) | 15000 | 1000(7220104281/20.2.23) | 14000 |

മേൽ സ്ഥാപനത്തിൽ നിന്നും കുറവ് തുക ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-2 FACTEOS ലൈസൻസ് അപേക്ഷകരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല

ആര്യാട് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന FACTEOS ലൈസൻസ് അപേക്ഷകരിൽ

നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല.

| അപേക്ഷാ നം. | അപേക്ഷകൻ | FACTEOS ലൈസൻസ് അപേക്ഷ പ്രകാരം ഉപയോഗിക്കുന്ന HP | തുക |
|---|---|---|---|
| 2347 | പാർവ്വതി വുഡ് ഇൻഡസ്ട്രീസ് | 35 HP (PCB..3522/21/30.6.23) | 400 |
| 3301 | ബീന ഫ്ലവർ മിൽ | കാണിച്ചിട്ടില്ല | -- |
| 2942 | ഭാമ ഫ്ലവർ മിൽ | 10 HP | 100 |
| 3602 | പൊന്നൂസ് അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ് | 10 HP | 100 |
| 3708 | തീർത്ഥാസ് ഫ്ലവർ മിൽ | 10 HP | 100 |
| 4810 | റിന പ്ലാസ്റ്റിക്സ് | 23HP | 300 |
| 4811 | റിന പ്ലാസ്റ്റിക്സ് | 16 HP | 200 |
| 5372 | താജ് കയർ മിൽസ് | 129.64HP(96.8425KW) ഈടാക്കിയത് – 1000 ഈടാക്കേണ്ടത് – 2000 കുറവ് – 1000/- | 1000 |
| | ആകെ | | 2200 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/20.7.24) മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**2-3 റോഡ് കട്ടിംഗ് ചാർജ്ജ്-ഈടാക്കിയതിൽ കുറവ്**

A) ഗ്രാമപഞ്ചായത്തിൽ ഒപ്റ്റിക്കൽ ഫൈബർ കണക്ഷനുള്ള പോളുകൾ സ്ഥാപിക്കുന്നതിന് Jio Digital Fiber Pvt Ltd നൽകിയ അപേക്ഷയിൽ എടുക്കുന്ന ട്രഞ്ചിന്റെ സൈസ് 0.60x0.60 മീറ്റർ എന്ന് കാണിച്ചിട്ടുണ്ട്. CEPWD/2675/2023/ C4(W)തീയതി 10.02.23 നമ്പർ സർക്കുലർ പ്രകാരം റെസ്റ്റോറേഷൻ വീതി ട്രഞ്ച് വിഡ്ത്തിന്റെ 1.5 മടങ്ങായിരിക്കുമെന്നാണ്. ടാർ റോഡാണെങ്കിൽ മിനിമം റെസ്റ്റോറേഷൻ വീതി ഒരു മീറ്ററുമാണ്. (സർക്കുലർ നം. CE/R&B/GL-RC/3/2018 തീയതി 24.09.20)എന്നാൽ താഴെപ്പറയുന്ന അനുമതി ഉത്തരവിൽ റോഡ് കട്ടിംഗ് ചാർജ്ജ് കണക്കാക്കുന്നതിന് റെസ്റ്റോറേഷൻ വീതി, ട്രഞ്ച് വിഡ്ത്ത് (0.60 മീറ്റർ) തന്നെയാണ് എടുത്തിരിക്കുന്നത്. അതിനാൽ റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ കുറവു സംഭവിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. അനുമതി ഉത്തരവ് നം. ROW/1082052/23

| വിവരണം | ഡിമാന്റ് ചെയ്തത് | | | | യഥാർത്ഥ ഡിമാന്റ് | | | |
|---|---|---|---|---|---|---|---|---|
| റോഡിന്റെ തരം | Tarred | Concrete | Tile | Gravel | Tarred | Concrete | Tile | Gravel |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 1 | 0.90 | 0.90 | 0.90 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.36 | 0.36 | 0.36 | 0.36 | 0.60 | 0.54 | 0.54 | 0.54 |
| പോളുകളുടെ എണ്ണം | 211 | 28 | 56 | 11 | 211 | 28 | 56 | 11 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 75.96 | 10.08 | 20.16 | 3.96 | 126.60 | 15.12 | 30.24 | 5.94 |
| റെസ്റ്റോറേഷൻനിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 5567.73 | 4499.28 | 1832.34 | 3520.71 | 5567.73 | 4499.28 | 1832.34 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 267433 | 56123 | 90705 | 7256 | 445722 | 84184 | 136058 | 10884 |
| ആകെ | 421517 | | | | 676848 | | | |
| കുറവ് | 676848 – 421517 = 255331 | | | | | | | |

2.ROW/1073866/76726

| വിവരണം | ഡിമാന്റ് ചെയ്തത് | | യഥാർത്ഥ ഡിമാന്റ് | |
|---|---|---|---|---|
| റോഡിന്റെ തരം | Tarred | BM&BC | Tarred | BM&BC |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.80 | 0.80 | 0.80 | 0.80 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 1 | 1 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.48 | 0.48 | 0.80 | 0.80 |
| പോളുകളുടെ എണ്ണം | 23 | 14 | 23 | 14 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 11.04 | 6.72 | 18.40 | 11.20 |
| റെസ്റ്റോറേഷൻ നിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 4716.20 | 3520.71 | 4716.20 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 38869 | 31693 | 64781 | 52821 |
| ആകെ | 70562 | | 117602 | |
| കുറവ് | 117602 - 70562 = 47040 | | | |

3.ROW/1081873/23

| വിവരണം | ഡിമാന്റ് ചെയ്തത് | | | | യഥാർത്ഥ ഡിമാന്റ് | | | |
|---|---|---|---|---|---|---|---|---|
| റോഡിന്റെ തരം | Tarred | BMBC | Concrete | Gravel | Tarred | BMBC | Concrete | Grvel |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 1 | 1 | 0.90 | 0.90 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.36 | 0.36 | 0.36 | 0.36 | 0.60 | 0.60 | 0.54 | 0.54 |
| പോളുകളുടെ എണ്ണം | 37 | 16 | 23 | 6 | 37 | 16 | 23 | 6 |
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 13.32 | 5.76 | 8.28 | 2.16 | 22.20 | 9.6 | 12.42 | 3 |
| റെസ്റ്റോറേഷൻ നിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 4716.22 | 5567.73 | 1832.34 | 3520.71 | 4716.22 | 5567.73 | 1832.34 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 46896 | 27165 | 46101 | 3958 | 78160 | 45276 | 69151 | 5497 |
| ആകെ | 124120 | | | | 198084 | | | |
| കുറവ് | 198084 – 124120 = 73964 | | | | | | | |

4.ROW/1068608/76726

| വിവരണം | ഡിമാന്റ് ചെയ്തത് | | | | യഥാർത്ഥ ഡിമാന്റ് | | | |
|---|---|---|---|---|---|---|---|---|
| റോഡിന്റെ തരം | Tarred | 80mm Tile Road | Concrete | Gravel | Tarred | 80mm Tile Road | Concrete | Grvel |
| എടുക്കുന്ന ട്രഞ്ചിന്റെ നീളം (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| ടർഞ്ചിന്റെ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 | 0.60 |
| റെസ്റ്റോറേഷൻ വീതി (മീറ്ററിൽ) | 0.60 | 0.60 | 0.60 | 0.60 | 1 | 0.90 | 0.90 | 0.90 |
| ട്രഞ്ചിന്റെ ഏരിയ ($M^2$) | 0.36 | 0.36 | 0.36 | 0.36 | 0.60 | 0.54 | 0.54 | 0.54 |
| പോളുകളുടെ എണ്ണം | 36 | 12 | 11 | 3 | 36 | 12 | 11 | 3 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ട്രഞ്ചിന്റെ ആകെ ഏരിയ ($M^2$) | 12.96 | 4.32 | 3.96 | 1.08 | 22.20 | 6.48 | 12.42 | 3 |
| റെസ്റ്റോറേഷൻനിരക്ക് (ചതുരശ്ര മീറ്ററിന്) | 3520.71 | 4499.20 | 5567.73 | 1832.34 | 3520.71 | 4499.20 | 5567.73 | 1832.34 |
| റോഡ് കട്ടിംഗ് ചാർജ്ജ് | 45628 | 19437 | 22048 | 1979 | 76047 | 29155 | 33072 | 2968 |
| ആകെ | 89092 | | | | 141242 | | | |
| കുറവ് | 141242- 89092 = 52150 | | | | | | | |

കുറവു വന്ന 428485/- (255331 + 47040 +73964 + 52150) രൂപ മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/23-07-24) മറുപടി നൽകിയില്ല. കുറവു വന്ന തുക ഈടാക്കി അറിയിക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

ബി)23.01.2020 തീയതിയിലെ ജി.ഒ.(ആർ.ടി.) 89/2020/pwd നമ്പർ ഉത്തരവു പ്രകാരം TSP/*ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോൾ ഒന്നിന് വാർഷിക വാടക 360/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ROW/1073866/76726, ROW/1073866/76726 പ്രകാരം യഥാക്രമം 37-ഉം 62-ഉം പോളുകൾ സ്ഥാപിക്കുന്നതിന് JIO Digital Fibre Private Limited അനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വാടക ഈടാക്കിയതായി കാണുന്നില്ല. വാടകയിനത്തിൽ ഈടാക്കേണ്ട തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | അനുമതി ഉത്തരവ് നമ്പർ | പോളുകളുടെ എണ്ണം | ഈടാക്കേണ്ട വാടക |
|---|---|---|---|
| 1 | ROW/1073866 /76726 | 37 | 37 @360 = 13320 |
| 2. | ROW/1073866 /76726 | 62 | 62 @360 = 22320 |
| | ആകെ | | 35640 |

കുറവു വന്ന 35,640/-രൂപ മേൽ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/24.07.24) മറുപടി നൽകിയില്ല. വാടകയിനത്തിലുള്ള തുക ഈടാക്കി അറിയിക്കാത്തപക്ഷം ആയത് സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 1 മുതൽ 18 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ – ചെയ്യാത്ത പ്രവൃത്തിക്ക് തുക അനുവദിച്ചു

എ)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 1 മുതൽ 9 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ |
| പ്രോജക്ട് നമ്പർ | S0084/24 |
| അടങ്കൽ | 5 ലക്ഷം |
| കരാറുകാരൻ | വിജയ് വി. നായർ (7.8% കുറവ്) |
| ചെലവു വിവരം | ബിൽ നമ്പർ 210/11-12-2023 രൂപ 3,53,527/- |

ബി)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | 10 മുതൽ 18 വരെയുള്ള വാർഡുകളിലെ കാന വൃത്തിയാക്കൽ |
| പ്രോജക്ട് നമ്പർ | S0115/24 |
| അടങ്കൽ | 3.90 ലക്ഷം (7.77%കുറവ്) |
| കരാറുകാരൻ | വിജയ് വി. നായർ |
| ചെലവു വിവരം | ബിൽ നമ്പർ 210/11-12-2023 രൂപ 3,53,527/- |

മേൽ പ്രോജക്റ്റുകളിലെ ഒന്നാം ഇനം Lifting Up The Covering Slab Of The Existing Drain, Stacking Safely And Relaying The Same After Cleaning The Drain Including 1.5m Lift Etc Complete എന്നതാണ്. ഈയിനത്തിന് അനുവദിച്ചിരിക്കുന്ന നിരക്ക് 278.64/ മീറ്ററാണ്. ഈ നിരക്കിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| Sor/Spec Code | MR Code | Description | | | Remarks | |
|---|---|---|---|---|---|---|
| | | Unit | Quantity | Rate | Amount | Label |
| | Header Unit | Metre | Header Quantity | 1.000 | | |
| Header Details | | | | | | |
| Labour | | | | | | L |
| 0101 | | Bhisti | | | | |
| | | Day | 0.10000 | 617.00 | 61.70 | L1 |
| 0124 | | Mason (Brick Layer )2nd Class | | | | |
| | | Day | 0.08000 | 679.00 | 54.32 | L2 |
| Subdata | | | | | | S |
| 11.5.1A | | Cement Mortar 1:3 (1 Cement : 3 Sand) | | | | |
| | | Cum | 0.01000 | 4669.14 | 46.69 | S1 |
| **TOTAL** | | | 1.000 | Metre | 162.71 | |
| **UNIT TOTAL** | | | 1 | Metre | 162.71 | |
| Overhead@ 10.00 % | | | | 162.71 | 16.27 | |
| TOTAL | | | | | **178.98** | |
| Contractors Profit @ 10.00 % | | | | 178.98 | 17.90 | |
| TOTAL | | | | | **196.88** | |
| Cost Index@ 41.53 % | | | | 196.88 | 81.76 | |
| TOTAL | | | | | **278.64** | |

**Grand Total**

**₹278.64 Metre**

സൈറ്റ് പരിശോധിച്ചതിൽ കാനകൾ വൃത്തിയാക്കി സ്ലാബ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സ്ലാബിന്റെ വശങ്ങളിൽ സിമന്റ് ചാന്ത് (Cement Mortar 1:3 (1 Cement : 3 Sand) ഉപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ല. അതിനാൽ നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന Cement Mortar നുള്ള തുക അനുവദിക്കേണ്ടതില്ല. Cement Mortar ന് ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| Cement Mortar 1:3 (1 Cement : 3 Sand) | 46.69 |

| | |
|---|---|
| Overhead@ 10.00 % | 4.669 |
| TOTAL | 51.359 |
| Contractors Profit @ 10.00 % | 5.136 |
| TOTAL | 56.498 |
| Cost Index@ 41.53 % | 23.464 |
| **Grand Total** | 79.962/ M |

S0084/24 പ്രകാരം 630 മീറ്ററും S0115/24 പ്രകാരം 660 മീറ്ററും കാന വൃത്തിയാക്കിയതിനാണ് തുക അനുവദിച്ചിരിക്കുന്നത്. സ്ലാബിന്റെ വശങ്ങളിൽ സിമന്റ് ചാന്ത് ഉപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തിയിട്ടില്ലാത്തിനാൽ അധികം നൽകാനിടയായ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

(1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0084/24 |
| അധികം നൽകിയ തുക | 630 @ 79.962 = 50376 |
| (കുറക്കുകtender Variation 7.8%) | 3929 |
| | 46447/- |

(2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0115/24 |
| അധികം നൽകിയ തുക | 660 @ 79.962 = 52775 |
| (കുറക്കുകtender Variation 7.77%) | 4001 |
| | 48774/- |

രണ്ട് പ്രോജക്ടുകളിലുമായി ആകെ അധികം നൽകിയ തുക - 46447 + 48774 = 95221/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അധികമായി നൽകിയ തുക കരാറുകാരനെ ക്കൊണ്ട് അടപ്പിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/24.07.24) മറുപടി നൽകിയിരിക്കുന്നത്. തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

**3-2 പ്രവൃത്തിയുടെ നിർവ്വഹണ അളവിൽ കൂടുതൽ തുക പിൻവലിക്കുകയും കാലി വീപ്പയുടെ വില ഈടാക്കാതിരിക്കുകയും വഴി അധികച്ചെലവ്**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഹരി പ്രിന്റേഴ്സ് തിരുവിളക്ക് റോഡ് മെയിന്റനൻസ് വാർഡ് -5 |
| പ്രോജക്ട് നമ്പർ | S0064/24 |
| അടങ്കൽ | 7 ലക്ഷം |
| കരാറുകാരൻ | അനസ് നൈന |
| ചെലവു വിവരം | ബിൽ നമ്പർ 472/25.03.24 രൂപ 4,70,759/- |

എ) 144 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ നിലവിലുണ്ടായിരുന്ന ബിറ്റുമിനസ് റോഡ് സർഫസ് 0.15m ആഴത്തിൽ സ്കാരിഫൈ ചെയ്ത് അത്രയും നീളത്തിലും വീതിയിലുമാണ് വീണ്ടും ടാറിംഗ് നടത്തിയിട്ടുള്ളത്. 432 $M^2$(144x3) പ്രതലത്തിൽ 0.15 M കനത്തിൽ WMM ചെയ്യുമ്പോൾ വരുന്ന അളവ് $64.8m^3$ ആണ്. എന്നാൽ LFBNo 6/24 പ്രകാരം 145 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ WMM ചെയ്ത അളവായ $65.372m^3$ ന് ക്വോട്ട് ചെയ്ത $3770/m^3$ നിരക്കിൽ 2,46,452/- രൂപഅനുവദിച്ചിരിക്കുന്നത്. 144 മീറ്റർ നീളത്തിൽ 3 മീറ്റർ വീതിയിൽ ടാറിംഗ് നടത്തിയിട്ടുള്ളപ്പോൾ $65.372m^3$ ന് തുക അനുവദിച്ചിരിക്കുന്നത് അധികം നൽകാനിടയാക്കി.

അധികം നൽകാനിടയായ അളവും തുകയും - 65.372 – 64.80 = 0.572 $M^3$ @ 3770 = 2156/-

ബി) 432 $M^2$(144x3) പ്രതലത്തിൽ ടാറിംഗ് നടത്തിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും കാലിവീപ്പയുടെ വില ഈടാക്കിയിട്ടില്ല.

ഈടാക്കേണ്ട കാലിവീപ്പയുടെ വില – 9 @281 = 2529/-

ആകെ കുറവു വന്ന തുക 2156 + 2529 = 4685/-

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം16/24.07.24) അധികം നൽകാനിടയായ തുക ഫൈനൽ ബില്ലിൽ നിന്നും കുറവു ചെയ്തുകൊള്ളാമെന്നാണ് മറുപടി നൽകിയിരിക്കുന്നത്. മുകളിൽ പ്രതിപാദിച്ച ഇനങ്ങളിലായി അധികം നൽകിയ 4685/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

**3-3 ഫൈൻ ഈടാക്കിയില്ല**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ |
| പ്രോജക്ട് നമ്പർ | S0 169/22 |
| അടങ്കൽ | 8 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ LID & EW |
| കരാറുകാരൻ | ഷൗക്കത്തലി വി.എച്ച്. |
| ചെലവു വിവരം | ബിൽ നമ്പർ 423/29.03.23 രൂപ 3,64,732/-<br>ബിൽ നമ്പർ 109/23.08.23 രൂപ 2,12,224/- |

സംസ്ഥാന ആവിഷ്കൃത പദ്ധതിയിൽപ്പെടുത്തി ഗ്രീൻ ഫെസിലിറ്റേഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടാണിത്. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ കൊടുക്കുന്നു.

പ്രവൃത്തിയുടെ കാലാവധി ദീർഘീകരണത്തിന് ഫൈൻ ഈടാക്കിയില്ല.

മേൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 7 മാസമാണ്. ഇതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി 31.10.22 ആണ്. പ്രവൃത്തി നടത്തേണ്ട സ്ഥലം വെള്ളക്കെട്ട് പ്രദേശമായതിനാലും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും മൂലം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ സമയം ദീർഘിപ്പിച്ചു നൽകണമെന്ന കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 14.02.23 വരെയും പിന്നീട് 30.06.23 വരെയും ദീർഘിപ്പിച്ചു നൽകിയതിന് കരാറുകാരൻ സപ്ലിമെന്ററി കരാർ വെച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 23.06.23-ലാണ് (അളവു പുസ്തകം 76/21 പേജ് 63).

ജി.ഒ.(എം.എസ്.)നം.21/2024/PWD തീയതി 02.04.24 സർക്കാർ ഉത്തരവ് പ്രകാരം എഗ്രിമെന്റ് അതോറിറ്റിക്ക് പിഴയില്ലാതെ അനുവദിക്കാവുന്ന പരമാവധി സമയം ഒറിജിനൽ സമയത്തിന്റെ പകുതി മാത്രമാണ്. ഈ പ്രവൃത്തിയുടെ ഒറിജിനൽ സമയം 7 മാസമായതിനാൽ പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകാവുന്നത് 3 ½ മാസം കൂടിയാണ്. ബാക്കിയുള്ള കാലതാമസത്തിന് ഓരോ ആഴ്ചയ്ക്കും PAC യുടെ 0.1% നിരക്കിൽ പിഴ / ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാമെന്നും മേൽ ഉത്തരവിൽ പറയുന്നു. എന്നാൽ കരാറുകാരൻ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തിയിട്ടും ഫൈൻ ഈടാക്കിയില്ല. ഈടാക്കേണ്ട ഫൈനിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| PAC | 644060 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 31.10.23 |
| പ്രവൃത്തി പൂർത്തീകരിച്ച സമയം | 23.06.23 |
| വരുത്തിയ കാലതാമസം | 7 മാസം 23 ദിവസം |
| പിഴയില്ലാതെ പരാമാവധിദീർഘിപ്പിക്കാവുന്ന തീയതി | 15.02.2023 |
| പിഴ ഈടാക്കേണ്ട കാലയളവ് | 16.02.23 മുതൽ 23.06.23 വരെ |
| ഈടാക്കേണ്ടുന്ന പിഴ | 644060 X 1.8 %(18 ആഴ്ച |

| | |
|---|---|
| | @0.1%) = 11,593/- |

മേൽപ്പറഞ്ഞവിധം കുറവു വന്ന 11,593/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. കരാറുകാരനെക്കൊണ്ട് തുക അടപ്പിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/24.07.24) മറുപടി നൽകിയിരിക്കുന്നത്. തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,20,000 | ലൈഫ് ഭവന നിർമ്മാണം - IInd Phase | ₹2,20,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,40,000 | ലൈഫ് ഭവന നിർമ്മാണം-ജനറൽ | ₹1,40,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹2,60,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. | ₹2,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി. | ₹1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | ₹3,62,140 | ശാരീര മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | ₹3,62,140 | 0 |
| **ആകെ** | | **₹10,82,140** | | **₹10,82,140** | **0** |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹8,301 | പട്ടികജാതി വിദ്യാർത്ഥി കൾക്ക് പഠനമുറി | ₹8,301 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹11,01,787 | തെരുവുവിളക്ക് നീട്ടൽ ധനസഹായം | ₹11,01,787 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,70,000 | ശാരീര മാനസിക വെല്ലുവിളി നേരിടുന്ന വർക്കുള്ള സ്കോളർഷിപ്പ് | ₹1,70,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹1,38,500 | അനുപൂരക പോഷകാഹാരം | ₹1,38,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹8,40,000 | ലൈഫ് ഭവന നിർമ്മാണം | ₹8,40,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹80,000 | ലൈഫ് ഭവന നിർമ്മാണം-എസ്.സി. 2020 | ₹80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | ₹4,48,362 | തോടുകൾക്ക് ആഴം കൂട്ടി സംരംക്ഷിക്കൽ | ₹4,48,362 | 0 |
| **ആകെ** | | **₹27,86,950** | | **₹27,86,950** | **0** |

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2023-24 | എസ് 0009/24. സ്ട്രീറ്റ് ലൈൻ വലിക്കൽ | Vou.42301463/ 31.03.24 Vou.42301556/ 31.03.24 | ₹21,01,787 | | ₹21,01,787 |
| 2023-24 | എസ് 0009/24. പോസ്റ്റ് മാറ്റൽ | Vou.42301560/ 31.03.24 | ₹1,07,786 | ₹1,07,786 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചു |
| 2023-24 | പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് സൗരവിളക്ക് നൽകൽ | TRN-2306000000029271 Dtd14.02.24 | ₹47,100 | | ₹47,100 |
| | പൊതുടാപ്പ് പൂട്ടുന്നതിനായി വാട്ടർ അതോറിറ്റിക്ക് തുക നൽകൽ | Vou.42301561/ 31.03.24 | ₹5,14,000 | | ₹5,14,000 |
| 2023-24 | ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ | Vou.42301557/ 31.03.24 | ₹7,58,500 | | ₹7,58,500 |
| 2023-24 | ആർ.ഒ പ്ലാന്റ് സ്ഥാപിക്കൽ-ബാലൻസ് തുക നൽകൽ | Vou.42301562/ 31.03.24 | ₹37,900 | | ₹37,900 |
| **ആകെ** | | | **₹35,67,073** | **₹1,07,786** | **₹34,59,287** |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് ഗ്രാമപഞ്ചായത്ത് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (ഉൽഭവത്തിൽ കുറവ് ചെയ്ത തുക) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് - കെ.യു. ആർ. ഡി.എഫ്.സി. | ₹3,61,22,942/- | ₹99,20,000/- | ₹4,60,42,942/- | ₹38,49,059/- | | ₹4,21,93,883 |

**തിരിച്ചടവിന്റെ വിവരം**

| ജി.ഒ.പ്രോജക്ട് | | തുക |
|---|---|---|
| നമ്പർ | പേര് | |
| 258/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹12,35,086 |
| 251/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹12,35,087 |
| 255/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (ജനറൽ) | ₹12,35,086 |
| 252/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹47,933 |
| 256/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹47,933 |
| 259/24 | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് (എസ്.സി.പി.) | ₹47,933 |
| | **ആകെ** | **₹38,49,059/-** |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 47024/-രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര് | രശീതി നമ്പർ/ തീയതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|---|
| 1 | | തൈപ്പറമ്പ് കോൺക്രീറ്റ് റോഡ് | 1,684 | ഷൗക്കത്തലി | 1230100179/ 18.04.2023 | |
| 2 | 2021-22 | ഓഡിറ്റ് എൻക്വയറി 24/28.6.22 പ്രബുദ്ദീൻ-കോളഭാഗം കോൺക്രീറ്റ് റോഡ് | 11,600 | ആലപ്പി ലേബർ കോൺട്രാക്റ്റ് സൊസൈറ്റി | 1230100191/ 19.04.2023 | |
| 3 | | | 21,711 | ഷൗക്കത്തലി | 1230101054/ 23.06.2023 | |
| 4 | 2022-23 | 1-15(1) | 1,000 | ജയൻ സുശീലൻ | 123010297/ 20.12.2023 | |
| 5 | 2022-23 | 1-15(5) | 100 | വിവേക് ബൈജു | 1230102928/ 20.12.2023 | |
| 6 | 2022-23 | 1-15(3) | 50 | ഉദയകുമാർ പി. | 1230102929/ 20.12.2023 | |
| 7 | 2022-23 | 1-15(2) | 1,000 | മിതേഷ് കെ. പട്ടേൽ | 1230102984/ 22.12.2023 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | 2022-23 | ഫയൽ നം. 8545/23 | 3,000 | സാബു ജോണി | 1230104935/ 13.03.2024 | |
| 9 | 2022-23 | | 3,852 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് | 1230000793/ 13.03.2024 | |
| 10 | 2010-11 | 3-(4) | 4,837 | സീന ജി.ആർ. | 1230101461/ 03.08.2024 | |
| 11 | 2010-11 | 3-(5) | 1,018 | സീന ജി.ആർ. | 1230101462/ 03.08.2024 | |
| 12 | 2001-02 | 2-(10) | 500 | സെക്രട്ടറി | 1230102117/ 12.10.2023 | |
| 13 | 1998-99 | 19 | 60 | സെക്രട്ടറി | 1230102118/ 12.10.2023 | |
| 14 | 2002-03 | 3-(4) | 306 | സെക്രട്ടറി | 1230102119/ 12.10.2023 | |
| 15 | 1997-98 | 33 | 98 | സെക്രട്ടറി | 1230102120/ 12.10.2023 | |
| 16 | 2010-11 | 3-(4) | 4,837 | സീന ജി.ആർ. | 1230101461/ 03.08.2023 | |
| 17 | 2010-11 | 3-(5) | 1,018 | സീന ജി.ആർ. | 1230101462/ 03.08.2023 | |
| 18 | 2001-02 | 2(10) | 500 | സെക്രട്ടറി | 1230102117/ 12.10.2023 | |
| 19 | 1998-99 | 19 | 60 | സെക്രട്ടറി | 1230102118/ 12.10.2023 | |
| 20 | 2002-03 | 3-(4) | 306 | സെക്രട്ടറി | 1230102119/ 12.10.2023 | |
| 21 | 1997-98 | 33 | 98 | സെക്രട്ടറി | 1230102120/ 12.10.2023 | |
| | | ആകെ | 47,024 | | | |

**4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം**

ഇല്ല

**4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,74,99,305.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,96,08,193.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹4,80,325 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | **₹ 1,11,499** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **₹ 61,72,881** |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | ₹14,000 | | ശ്രീമതി ബീന എസ്., സെക്രട്ടറി |
| 2-2 | ₹2,200 | | ശ്രീമതി ബീന എസ്., സെക്രട്ടറി |
| 2-3 എ | 4,28,485 | | ശ്രീമതി ബീന എസ്., സെക്രട്ടറി |
| 2-3 ബി | 35,640 | | ശ്രീമതി ബീന എസ്., സെക്രട്ടറി |
| 3-1 | | 95,221 | ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-2 | | 4,685 | ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-3 | | 11,593 | ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | ₹4,80,325 | 1,11,499 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 6,69,882 | ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-25 | ₹8,67,722 | ശ്രീമതി ബീന എസ്., സെക്രട്ടറി |
| 1-27 | 47,100 | ശ്രീമതി സീമ പി.ഐ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 46,210 | ശ്രീമതി ഏലിയാമ്മ കുര്യൻ, ഹെഡ്മിസ്ട്രസ് |
| 1-33 | 2,325 | ശ്രീമതി സനൽകുമാർ, വി.ഇ.ഒ. ചെമ്പുതറ |
| 1-35 | 37,69,142 | ശ്രീമതി ബീന എസ്., സെക്രട്ടറി |
| | 7,58,500 | ശ്രീമതി സീമ പി.ഐ., അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | ₹ 12,000 | ശ്രീമതി.രാജി., ഡയറി ഫാം ഇൻസ്പെക്ടർ |
| ആകെ | **₹61,72,881** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബീന എസ്., സെക്രട്ടറി | സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത് | ദയാനിലയം വലിയപറമ്പ് പി.ഒ., ആലപ്പുഴ |
| ശ്രീമതി സീമ പി.ഐ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആര്യാട് ഗ്രാമപഞ്ചായത്ത് | സരസ്വതി മന്ദിരം, എസ്.എൽ.പുരം പി.ഒ. 688523 |
| ശ്രീമതി ഹരിത എച്ച്., അക്രഡിറ്റഡ് എഞ്ചിനിയർ, MNREGS | അക്രഡിറ്റഡ് എഞ്ചിനീയർ, MNREGS, ആര്യാട് ഗ്രാമപഞ്ചായത്ത് | പുതിയേടം ഹൗസ്, സൗത്ത് ആര്യാട്, അവലൂക്കുന്ന് പി.ഒ. ആലപ്പുഴ-688006 |
| ശ്രീമതി ഏലിയാമ്മ കുര്യൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, GLPS ആര്യാട് | തൈപ്പറമ്പിൽ, പി.എച്ച്.വാർഡ്, ആലപ്പുഴ |
| ശ്രീ.സനൽകുമാർ, വി.ഇ.ഒ., ചെമ്പുതറ | വി.ഇ.ഒ., ആര്യാട് ഗ്രാമപഞ്ചായത്ത് | ബ്ലാവത്ത് വെളി മണ്ണഞ്ചേരി പി.ഒ., ആലപ്പുഴ |
| ശ്രീമതി പ്രിയമ്മ ഫിലിപ്പ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ആര്യാട് ഗ്രാമപഞ്ചായത്ത് | പുന്നക്കൽ ഹൌസ്, കാട്ടൂർ പി.ഒ, കലവൂർ, ആലപ്പുഴ |
| ശ്രീമതി.രാജി ആർ നായർ ഡയറിഫാം ഇൻസ്പെക്ടർ | ഡയറി ഫാം ഇൻസ്പെക്ടർ, ആര്യാട്ഗ്രാമപഞ്ചായത്ത് | വൈകുണ്ഠം, പുഴവാതു ചങ്ങനാശ്ശേരി, 686101 |

**4–10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

<table>
<tr><th>വർഷം</th><th>ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം</th></tr>
<tr><td>1995-96</td><td>എൽ.എഫ്.എ8/1490/09/18.04.08/11.06.08</td></tr>
<tr><td>1997-98</td><td>എൽ.എഫ്.ജി.എ.5-1832/11/19.01.12</td></tr>
<tr><td>1999-00</td><td>എൽ.എഫ്.ജി.എ.5-1832/11/19.01.12</td></tr>
<tr><td>2000-01</td><td>എൽ.എഫ്.ജി.എ.5-1832/11/19.01.12</td></tr>
<tr><td>2001-02</td><td>എൽ.എഫ്.ജി.എ.5-1832/11/19.01.12</td></tr>
<tr><td>2002-03</td><td>എൽ.എഫ്.ജി.എ.5-1832/11/19.01.12</td></tr>
<tr><td>2003-04</td><td>കെ.എസ്.എ–എ.എൽ.പി/പി8-1279/2022/04.04.2023</td></tr>
<tr><td>2004-05</td><td>എൽ.എഫ്.ജി.എ.5-1832/11/19.01.12</td></tr>
<tr><td>2005-06</td><td>കെ.എസ്.എ–എ.എൽ.പി/പി8-1279/2022/04.04.2023</td></tr>
<tr><td>2006-07</td><td>എൽ.എഫ്.എ16-46/2010/28.08.2010/4.10.2010</td></tr>
<tr><td>2007-08</td><td rowspan="7">കെ.എസ്.എ–എ.എൽ.പി/പി8-1279/2022/04.04.2023</td></tr>
<tr><td>2008-09</td></tr>
<tr><td>2009-10</td></tr>
<tr><td>2010-11, 2011-12, 2012-13</td></tr>
<tr><td>2014-15</td></tr>
<tr><td>2015-16</td></tr>
<tr><td>2016-17</td></tr>
<tr><td>2017-18</td><td>കെ.എസ്.എ-എ.എൽ.പി/പി9-1553/18/07.12.2018</td></tr>
<tr><td>2018-19</td><td>കെ.എസ്.എ-എ.എൽ.പി/പി8-790/2020/29.12.20</td></tr>
<tr><td>2019-20</td><td>കെ.എസ്.എ-എ.എൽ.പി/പി8-359/22 / 27.03.22</td></tr>
<tr><td>2020-21</td><td>കെ.എസ്.എ-എ.എൽ.പി/പി8-704/22 / 16.07.2022</td></tr>
<tr><td>2021-22</td><td>കെ.എസ്.എ-എ.എൽ.പി/പി8-109/23 / 23.02.2023</td></tr>
<tr><td></td><td>കെ.എസ്.എ-എ.എൽ.പി/പി8-1218/2023/</td></tr>
</table>

| | | |
|---|---|---|
| | 2022-23 | 08.11.2023 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനു സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 14-06-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Aryad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Aryad Grama Panchayat as on 31-03-2024

**Date: 05/09/2024** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Aryad Grama Panchayat for the Year 2023-2024.

#### 1.Major Observations

NIL

#### 2.Other Observations

1) The development grant expenditure details as per annual financial statements are not matched

with actual expenditure.

2) The closing balance recorded in the receipts and payments accounts and balance sheet is not matched with the actual passbook balance.

3) The block panchayath share expenditure in the annual financial statements is not matched with the actual expenditure under this head.

4) Closing balances of demand registers are not matched with figures recorded in the annual financial statements.

5) Provisions for expenses that are not completed before the end of the financial year are not made in the annual financial statements.

6) Statutory ratios, statements, and forms are not attached along with the annual financial statements.

7) Details of all advances pending settlement are not recorded in the annual financial statements.

8) Details of deposits pending realization are not recoded in the annual financial statements.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്